അദ്ധ്യായം - മൂന്ന്

# പ്രത്യയശാസ്ത്രാഭിമുഖ്യങ്ങൾ ഒ.എൻ.വിക്കവിതകളിൽ .

# (1947 - 58)

‘ഏകാന്തതയുടെ അമാവാസിയിൽ എന്റെ ബാല്യത്തിനു കൈവന്ന ഒരു തുള്ളി വെളിച്ചമാണു കവിത’ [x]എന്ന പ്രസ്താവത്തിൽ നിന്ന് ജീവിതത്തിൽ പ്രകാശം വിതറുന്നതും, കവിയുടെ ജീവിതവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടു നിൽക്കുന്നതും ആയ ഒന്നാണ് ഒ.എൻ.വിയ്ക്ക് കവിത എന്നു വ്യക്തം. അദ്ദേഹം ജീവിച്ച, ജീവിക്കുന്ന കാലത്തിന്റെ ഉജ്ജ്വലമായ ചലനാത്മകചിത്രങ്ങളാണ് അദ്ദേഹത്തിന്റെ കവിതകൾ. ആകയാൽ പ്രത്യയശാസ്ത്രാഭിമുഖ്യം കണ്ടെത്താനുള്ള ആദ്യപടി എന്ന നിലയിൽ ഒ.എൻ.വിയുടെ ആദ്യകാല ജീവിതാനുഭവങ്ങൾ അറിഞ്ഞിരിക്കേണ്ടതാവശ്യമാണ്.

**ഒ.എൻ.വിയുടെ ബാല്യം.**

പ്രശസ്ത വൈദ്യനായ ഒ.എൻ.കൃഷ്ണക്കുറുപ്പായിരുന്നു പിതാവ്. അദ്ദേഹത്തിന്റെ കുടുംബത്തിലെ പ്രതിഭാശാലിയും പ്രതാപിയുമായ ഒരു വൈദ്യനായിരുന്നു ഒ.എൻ.വേലുക്കുറുപ്പ്. ആ കാരണവരെ അനുസ്മരിച്ചാണ് ഒ.എൻ. കൃഷ്ണക്കുറുപ്പ് മകന് ആ പേരു നൽകിയത്. അമ്മ ലക്ഷ്മിയമ്മ കരുനാഗപ്പള്ളിയിലെ പ്രശസ്തനായ തങ്ങളത്തെ ഗോവിന്ദക്കുറുപ്പിന്റെയും നമ്പിയാടിക്കൽ വീട്ടിലെ കൊച്ചുകാർത്ത്യായനിയമ്മയുടെയും മകൾ. അപ്പു എന്നായിരുന്നു കവിയുടെ ഓമനപ്പേര്. അച്ഛൻ മകന് അറിവിന്റെ എല്ലാ വാതിലുകളും തുറന്നുകൊടുത്തു. മകന്റെ ജനനം, ജാതകപ്രകാരം തനിക്കുദോഷമാണെന്നറിഞ്ഞ അദ്ദേഹം താനില്ലാത്ത കാലത്തേയ്ക്കു കൂടി വേണ്ട സ്നേഹവാത്സല്യങ്ങൾ അറിഞ്ഞുനൽകുകയായിരുന്നു. ധിക്കാരിയും, നിഷേധിയുമായിരുന്നെങ്കിലും കൃഷ്ണക്കുറുപ്പ് പതിതരോടു ദയയും കാരുണ്യവുമുള്ളവനായിരുന്നു. ശ്രീമൂലം പ്രജാസഭാംഗം, കൊല്ലം നഗരസഭാംഗം, സമുദായ നേതാവ്, പ്രശസ്ത വൈദ്യൻ എന്നീ നിലകളിലിരുന്നിട്ടും കൃഷ്ണക്കുറുപ്പ് കലയേയും സാഹിത്യത്തേയും ഏറെ സ്നേഹിച്ചു. അദ്ദേഹത്തിന്റെ വീട്ടിൽ മിക്ക ദിവസവും എന്തെങ്കിലും സാംസ്ക്കാരികപരിപാടി ഉണ്ടാവും. സമീപദേശത്തുള്ള എഴുത്തുകാർ, നാടക പ്രവർത്തകർ, നടന്മാർ തുടങ്ങി ധാരാളം കലാകാരന്മാർ അവിടെ ഒത്തുകൂടാറുണ്ടായിരുന്നു. വൈദ്യർക്കു സ്വന്തമായി ഒരു കഥകളി യോഗവുമുണ്ടായിരുന്നു. അച്ഛന്റെ സന്തതസഹചാരിയായിരുന്ന അപ്പുവിന് പലേടത്തും സഞ്ചരിക്കാനും ലോകപരിചയം നേടാനും ധാരാളം അവസരങ്ങൾ ലഭിച്ചു.

---

x *ഒ.എൻ.വി. - എന്റെ കവിത - ഭൂമിക്ക് ഒരു ചരമഗീതം അവതാരിക -( ഡി.സി.ബി-1989 ) പുറം -1*

മഹോദരം പിടിപെട്ട് നാട്ടുചികിത്സ ഫലിക്കാതെ മദ്രാസ്സിലേയ്ക്കു പോയ കൃഷ്ണക്കുറുപ്പ് മടങ്ങിവന്നില്ല. അച്ഛൻ മരിക്കുമ്പോൾ അപ്പുവിന് ഏഴു വയസ്സ്. തുടർന്ന് അപ്പൂപ്പൻ ഗോവിന്ദക്കുറുപ്പിന്റെ മരണം. അച്ഛന്റെ മരണം തന്റെ ജീവിതത്തിൽ ഒരു വ്യക്തമായ വ്യതിയാനം കുറിച്ചതായി ഒ.എൻ.വി ഓർക്കുന്നു. കാറിൽ സ്ക്കൂളിൽ പോയി ശീലിച്ചിരുന്ന ആ ബാലന് ചവറയിലെ നാട്ടുപാതയിലൂടെ നടന്നുപോകേണ്ടി വന്നു. ധാരാളിത്തത്തിന്റെ വസന്തം മാഞ്ഞുപോയി. ഞെരുക്കത്തിന്റെ ഗ്രീഷ്മം പെട്ടെന്നു വന്നു വീണു. അനാഥനായിപ്പോയി താനെന്ന വ്യഥ, നിസ്വനുമായി സാത്മ്യബോധം പ്രാപിക്കുന്നിടത്ത് ആ ബാലനെ എത്തിച്ചു. [x] ഈ അന്യഥാത്വത്തിൽ നിന്നും ഏകാന്തതയിൽനിന്നും ഉള്ള രക്ഷ പുസ്തകപാരായണത്തിലും സാഹിത്യത്തിലും കണ്ടെത്തുകയായിരുന്നു ആ ബാലൻ. ശങ്കരമംഗലത്തുള്ള ശങ്കരൻതമ്പി സ്മാരകവായനശാലയിലെ ലൈബ്രേറിയൻ, ഒഴിവുസമയങ്ങളിൽ വായിക്കാൻ അപ്പുവിനു സൗകര്യം ചെയ്തുകൊടുത്തതു വലിയ അനുഗ്രഹമായി.

പഴയതും പുതിയതുമായ നിരവധി പുസ്തകങ്ങളുമായി പരിചയപ്പെടാൻ അപ്പുവിന് അവസരം കിട്ടി. സോഷ്യലിസത്തെക്കുറിച്ചും മാർക്സിസത്തെക്കുറിച്ചും പുസ്തകങ്ങളിൽ നിന്നു നേരിയ അറിവുകൾ വികസിപ്പിക്കാൻ പാകത്തിലുള്ളതായിരുന്നു ആ ബാലന്റെ സുഹൃദ്വലയം. നാട്ടുകാരനായ സി. എൻ. ശ്രീകണ്ഠൻനായരുടെ സൗഹൃദം അത്തരത്തിലുള്ള ഒന്നായിരുന്നു. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ പഠിക്കുകയായിരുന്ന സി. എൻ. ഒഴിവു ദിവസങ്ങളിൽ നാട്ടിലെത്തിയിരുന്നത് പുതിയ അറിവുകളുമായിട്ടായിരുന്നു. ചവറയിലെ വിപ്ലവരാഷ്ട്രീയം അപ്പുവിനെ ആകർഷിച്ചുവെങ്കിലും വിദ്യാഭ്യാസകാര്യത്തിൽ ശ്രദ്ധ ഊന്നിയിട്ടുള്ളതു കാരണം ഇ. എസ്. എൽ. സിയ്ക്ക് പ്രശസ്ത വിജയം നേടാൻ കഴിഞ്ഞു. ഇന്റർമീഡിയറ്റിനു യൂണിവേഴ്സിറ്റി കോളേജിൽ ചേർന്നു പഠിക്കാൻ തുടങ്ങിയതോടെ അപ്പുവിന്റെ പരിചയചക്രവാളം വികസിച്ചു. 1949 ൽ കൊല്ലം പുരോഗമനസാഹിത്യസമ്മേളനത്തോടനുബന്ധിച്ച് നടത്തിയ കവിതാമത്സരത്തിൽ ഓയെൻവിയ്ക്കായിരുന്നു ഒന്നാം സമ്മാനം. 'പൊരുതുന്ന സൗന്ദര്യം' എന്ന കവിത 'കൗമുദി'യിൽ പ്രസിദ്ധീകരിച്ചതും ഇക്കാലത്തുതന്നെ. തുടർന്ന് ഓയെൻവി പുരോഗമനസാഹിത്യപ്രസ്ഥാ

---

*x "മുറ്റത്തെ പുഷ്പങ്ങളേ, നിങ്ങൾ മാത്രമാണെനിക്കുറ്റവർ, ചങ്ങാതികൾ" എന്നു വിചാരിക്കാൻ മാത്രം ഏകാകിയായിപ്പോയ ആ കുട്ടി 'പുലർച്ചെയ്ക്കൊരു നൂറുപൂവുകൾ ചിരിക്കേ കണ്ണടച്ചു കിടക്കുന്ന നാലുമണിപ്പൂവിനെപ്പോലെ മറ്റുകുട്ടികളിൽനിന്ന് അന്യനായിപ്പോയി.'*

*ലേഖനം :- വാസു, കെ.പി. - ഒ.എൻ.വി.കവിതയിലെ ഋതുഭേദങ്ങൾ.*
*ഫീനിക്സിന്റെ സംഗീതം :- ഒ.എൻ.വി കവിതാപഠനങ്ങൾ എന്ന ഗ്രന്ഥത്തിൽ നിന്ന്.*

നവുമായി സഹകരിച്ചു പ്രവർത്തിക്കുകയും അതിന്റെ ദൗത്യം ഏറ്റെടുക്കുകയും ചെയ്തു.[x]

ഇന്റർമീഡിയറ്റ് പരീക്ഷയിൽ ഒന്നാം ക്ലാസ്സു നേടിയ അപ്പു കൊല്ലം എസ്. എൻ. കോളേജിൽ ഇക്കണോമിക്സ് ബി. ഏയ്ക്കു ചേർന്നു. അവിടെ കോളേജ് യൂണിയൻ ചെയർമാനായി. ചങ്ങമ്പുഴക്കവിതാ പുരസ്ക്കാരം നേടിയതോടെ ഓയെൻവിക്കുറുപ്പ് വിദ്യാർത്ഥികളുടെ ഇടയിൽ പ്രശസ്തനായി. സമരത്തിന്റെ അന്തരീക്ഷമായിരുന്നു കോളേജിൽ. വിദ്യാർത്ഥികളെ അന്യായമായി പിരിച്ചുവിട്ട പ്രിൻസിപ്പാളിനെതിരെ രൂക്ഷമായ സമരം നടന്നു. മറ്റു വിദ്യാർത്ഥിനേതാക്കളോടൊപ്പം ഓയെൻവിയും ഒളിവിൽപ്പോയി. ഒളിവിലിരിന്നുകൊണ്ട് 'കലേശൻ' എന്ന പേരിൽ വിപ്ലവകവിതകളെഴുതുകയും 'കലയും കശാപ്പും' എന്ന പേരിൽ ഒരു കവിതാസമാഹാരം പ്രസിദ്ധീകരിക്കുകയും ചെയ്തു. ഏ. കെ. ജി, വിദ്യാർത്ഥിഫെഡറേഷൻ അഖിലേന്ത്യാ സെക്രട്ടറി സഖാവ് സത്യപാൽ, ഡാങ്കെ തുടങ്ങിയ പ്രമുഖനേതാക്കളെ പരിചയപ്പെടാനും അവരുമായി ബന്ധപ്പെടാനും വിദ്യാർത്ഥിരാഷ്ട്രീയം ഓയെൻവിയെ സഹായിച്ചു.

വിദ്യാഭ്യാസവും പാർട്ടിപ്രവർത്തനവും ഒന്നിച്ചുകൊണ്ടുപോകുമ്പോഴും ഓയെൻവി കാവ്യരചന തുടർന്നുകൊണ്ടിരുന്നു. പ്രസംഗിക്കുന്നതിനും അദ്ദേഹം വളരെയധികം സമയം ചെലവഴിച്ചു. പലേടത്തുനിന്നും സഖാക്കൾ എത്തി ഓയെൻവിയെ ക്ഷണിച്ചുകൊണ്ടുപോവുകയും ചെയ്തിരുന്നു. കമ്മ്യൂണിസ്റ്റ്പാർട്ടി നിരോധിക്കപ്പെട്ടിരുന്ന അക്കാലത്ത് അറിയപ്പെടുന്ന കമ്മ്യൂണിസ്റ്റുകാരനായ ഒ.എൻ.വിയുടെ കവിതകൾ പുസ്തകരൂപത്തിലാക്കുക അത്ര എളുപ്പമായിരുന്നില്ല. എന്നാൽ, സുഹൃത്തുക്കളുടെ സഹായത്താൽ 'പൊരുതുന്ന സൗന്ദര്യം' 'സമരത്തിന്റെ സന്തതികൾ' എന്നീ കാവ്യസമാഹാരങ്ങൾ ഇക്കാലത്ത് പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി.

കമ്മ്യൂണിസ്റ്റുകാരനായതിനാൽ ബി.എ.യ്ക്കു ഫസ്റ്റ്ക്ലാസ്സിൽ പാസ്സായിട്ടും ഒ. എൻ.വിയ്ക്ക് യൂണിവേഴ്സിറ്റി കോളേജിൽ ആദ്യവർഷം എം.എ. യ്ക്കു പ്രവേശനം ലഭിച്ചില്ല. അദ്ദേഹം ആകട്ടെ, സുഹൃത്തുക്കൾ നടത്തുന്ന ഒരു ട്യൂട്ടോറിയൽ കോളേജിൽ അദ്ധ്യാപകനായി. ഇന്ററിനു തന്നോടൊപ്പം പഠിച്ചിരുന്ന പരവൂർ ദേവരാജനും അവിടെ കൂട്ടിനുണ്ടായിരുന്നു. ഒ.എൻ.വി. എഴുതുന്ന കവിതകൾക്ക് ഈണം

---

*x ഒ.എൻ.വി പുരോഗമനസാഹിത്യപ്രസ്ഥാനത്തിലെ ഒരു പ്രധാന സാഹിത്യകാരനായിത്തീർന്നത് ഒന്നാമദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്.*

നൽകി പാടുക എന്നതായിരുന്നു ദേവരാജന്റെ ഇഷ്ടവിനോദം. ഈ അവസരത്തിലാണ് ഒരു സംഘം പുരോഗമനചിന്താഗതിക്കാർ കെ.പി.എ.സിക്ക് രൂപം നൽകുന്നത്. ശൂരനാട്ടു കേസ്സിൽ പ്രതിയായ തോപ്പിൽ ഭാസി എഴുതി കെ.പി.എ.സി അവതരിപ്പിച്ച 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന നാടകത്തിനു പാട്ടെഴുതാൻ ഒ.എൻ.വി. ക്ഷണിക്കപ്പെട്ടു.

അടുത്തവർഷവും മലയാളം എം.എ.പ്രവേശനത്തിനു ചെന്നപ്പോൾ പ്രവേശനം നിഷേധിക്കപ്പെട്ടു. തുടർന്ന് എം.എൻ. ഗോവിന്ദൻനായരുടെ ശുപാർശയും കോന്നിയൂർ മീനാക്ഷിയമ്മയുടെയും ഇളംകുളം കുഞ്ഞൻപിള്ളയുടെയും സഹായവുംകൊണ്ട് ഒരു തരത്തിൽ പ്രവേശനം ലഭിച്ചു. എം.എ. പാസ്സായിക്കഴിഞ്ഞപ്പോൾ ജോലി കിട്ടാനും വളരെയേറെ ക്ലേശിക്കേണ്ടിവന്നു ഒ.എൻ.വി.യ്ക്ക്. പോലീസ് വെരിഫിക്കേഷനിൽ 'കമ്മ്യൂണിസ്റ്റുകാരൻ' എന്നു രേഖപ്പെടുത്തിയിരുന്നതിനാൽ സർക്കാർ ജോലി നിഷേധിയ്ക്കപ്പെട്ടു. വിദ്യാഭ്യാസ സെക്രട്ടറിയായിരുന്ന സി.കെ. കേരളവർമ്മയുടെ നീതിനിഷ്ഠത കൊണ്ടുമാത്രമാണ് ഒ.എൻ.വി.യ്ക്ക് എറണാകുളം മഹാരാജാസ് കോളേജിൽ അദ്ധ്യാപകനായി ചേരാൻ സാധിച്ചത്. ഏതോ മുജ്ജന്മ സൗഹൃദം പോലെ ശ്രീമതി സരോജിനി അദ്ദേഹത്തിന്റെ ജീവിതത്തിലേയ്ക്കു കടന്നുവന്നതും ഈ കാലത്താണ്. [x]

1947 മുതൽ 1957 വരെയുള്ള കാലഘട്ടം ഇന്ത്യയുടെ ചരിത്രത്തിൽ പൊതുവെയും കേരളചരിത്രത്തിൽ പ്രത്യേകിച്ചും പ്രാധാന്യമർഹിയ്ക്കുന്നു. രക്തരൂഷിതമായ പീഡനങ്ങളുടെ എന്ന പോലെ (1948-50) ആഹ്ലാദകരമായ മുന്നേറ്റത്തിന്റെയും കാലമായിരുന്നു അത്. പുരോഗമനസാഹിത്യപ്രസ്ഥാനവുമായി സഹകരിച്ചു പ്രവർത്തിച്ചുപോന്ന ഒ.എൻ.വിയുടെ 1947 മുതൽ 1958 വരെയുള്ള ആദ്യകാലകവിതകൾ കമ്മ്യൂണിസ്റ്റു പ്രത്യയശാസ്ത്രത്തിന്റെ സവിശേഷതകൾ ഉൾക്കൊള്ളുന്നവയായിരുന്നു. ഈ സവിശേഷതകൾ അപഗ്രഥിയ്ക്കുകയും പഠിക്കുകയുമാണ് ഈ അദ്ധ്യായത്തിൽ.

മറ്റുപല കവികളേയും പോലെ ഗാന്ധിസ്മൃതികളുണർത്തുന്ന കവിതകൾ തുടക്കത്തിൽ ഒ.എൻ.വിയും രചിച്ചിട്ടുണ്ട്.[xx] അനശ്വരസ്നേഹത്തിന്റെയും ഹൃദയനൈർമ്മല്യത്തിന്റെയും മൂർത്തിയാണ് ഒ.എൻ.വിയ്ക്ക് ഗാന്ധിജി.

---

*x ഒ.എൻ.വി യുടെ ജീവചരിത്രവിവരങ്ങൾക്ക് 'ഒ.എൻ.വി. കവിതയ്ക്ക് അമ്പത് ' എന്ന ഡോ. എം.എം. ബഷീറിന്റെ ലേഖനത്തോട് (മാതൃഭൂമി ആഴ്ചപതിപ്പ്, 1998 ഫെബ്രുവരി 22) കടപ്പാട്.*

*xx ഒ.എൻ.വി - ആദ്യകാലകവിതകൾ - പൂമാല - ചിന്ത-1989, പേജ് 33*

ഉള്ളിലാളുമനശ്വര സ്നേഹം
അല്ലികൾ വിടർത്തീടുന്ന പോലെ !
ഉണ്ണികൾ തൻ നിറന്ന നൈർമ്മല്യ
വെണ്ണിലാവല തല്ലുന്നപോലെ !..............

(പൂമാല)

കമ്മ്യൂണിസ്റ്റു പ്രത്യയശാസ്ത്രത്തോടുള്ള ചായ്വ്, പതിതജനതയോടുള്ള് കൂറ്, പക്ഷപാതം എന്നിവ ഒ.എൻ.വി.യുടെ ആദ്യകാലകവിതകളിൽ വിശേഷശ്രദ്ധയർഹിക്കുന്നു.

**പതിതരുടെ രക്ഷകൻ**

അദ്ധ്വാനിക്കുന്ന തൊഴിലാളിവർഗ്ഗത്തെ ആധാരമാക്കി രചനകൾ നടത്തുക എന്നത് കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ സ്വഭാവമാണ്. കമ്മ്യൂണിസ്റ്റു പ്രത്യയശാസ്ത്രസ്വഭാവങ്ങൾ ഉൾക്കൊണ്ട ഒ.എൻ.വിയുടെ ആദ്യകാലകവനങ്ങളിലധികവും തൊഴിലാളികളുടെ ജീവിതം ഇതിവൃത്തമാക്കിക്കൊണ്ടുള്ളവയായിരുന്നു. പ്രകൃതിയുടെ വിലോലതകൾ കൺകുളിർക്കെ കണ്ട് ആസ്വദിക്കാനുള്ള ആഗ്രഹം എല്ലാ മനുഷ്യർക്കും ഉണ്ടെന്നിരിക്കെ, സാഹചര്യങ്ങളുടെ വിലക്കു മൂലം അതു നിഷേധിക്കപ്പെടുന്ന തൊഴിലാളികളുടെ പങ്കപ്പാട് കവി ചിത്രീകരിക്കുന്നു :-

ചന്തം കണ്ടോണ്ടു നിന്നാ വയറ്റിലെ
ചെന്തീയാരു കെടുത്തീടാൻ ?
കാണാനൊത്തിരി ! നേരമില്ലിത്തിരി
പോണം വേലയ്ക്കു നേരത്തെ !

( വെട്ടം വീഴുമ്പോൾ) [x]

ലൗകികത്തിൽ നിലനിൽക്കുന്ന സുഖഭോഗങ്ങളൊന്നും ആസ്വദിക്കാൻ കഴിയാതെ, അതിനായി സദാ ദാഹിച്ചു വലയുന്ന, പാടുപെട്ടുഴലുന്ന സാധാരണക്കാരന്റെ ശോച്യാവസ്ഥയും അദമ്യമായ ജീവിതദാഹവും 'ദാഹ'ത്തിൽ വരച്ചുകാട്ടുന്നു.

തൊഴിലാളികളുടെ ആത്മനൊമ്പരം വാക്കുകളിലൂടെ പകരുമ്പോഴും, അവരുൾക്കൊള്ളുന്ന ആത്മരോഷത്തിന്റെ തീയലകൾ ഉയർത്തിക്കാട്ടാൻ കവി പ്രത്യേകം ശ്രദ്ധിച്ചു :-

---

x *ഒ.എൻ.വി - ആദ്യകാലകവിതകൾ എന്ന സമാഹാരത്തിൽ നിന്ന് എടുത്തിട്ടുള്ളതാണ് ഈ അദ്ധ്യായത്തിൽ ഉദ്ധരിച്ചിരിക്കുന്നവരികൾ., (ചിന്താ പബ്ലിക്കേഷൻസ്, തിരുവനന്തപുരം)പുറം -20*

പറ്റിച്ചേർന്നാച്ചിരിയുടെ നിൽച്ചുളി-
വൊട്ടിപ്പോയ കവിളിണയിൽ
കുണ്ടിൽത്താഴുന്നു കണ്ണിണ ; പക്ഷേ
ചെന്തീക്കട്ടകളാണല്ലോ !

- (മലയുടെ മക്കൾ)

ബ്രിട്ടീഷുകാരെ കെട്ടുകെട്ടിച്ച് സ്വാതന്ത്ര്യം നേടി എന്ന് അവകാശപ്പെടുമ്പോഴും, നമ്മുടെ നാടിന്റെ ശോചനീയാവസ്ഥയ്ക്കു മാറ്റമുണ്ടാകാത്തതിൽ ദുഃഖിതനും ഉല്ക്കണ്ഠാഭരിതനുമാണ് കവി. 'ഓണം പിറന്നാലുമുണ്ണി പിറന്നാലും കോരന്നു' കഞ്ഞി കുമ്പിളിൽ തന്നെ. ഇത് ഒ.എൻ.വി യ്ക്കുള്ളിൽ ഒരു നൊമ്പരമായി നില കൊണ്ടിരുന്നുവെന്ന് ആദ്യകാലകവിതകൾ പരിശോധിച്ചാൽ കാണാം :-

മുലയൂട്ടിത്താരാട്ടിത്തന്നെപ്പോറ്റിയ
മലനാടിപ്പോഴും വെപ്പാട്ടി !
വെട്ടം വീണുതുടങ്ങിയെന്നോ ? - പറ-
കൊട്ടിയറിയിച്ചതാരാണ് ?
കൂത്തും തുള്ളലുമായിട്ടങ്ങൊരു
കൊയ്ത്തിനിടയ്ക്കൊരുനാൾ പോയി !
പിന്നേം പട്ടിണി ! യുരിയരിക്കഞ്ഞിയ്ക്കു
പങ്കപ്പാടുകളൊട്ടല്ല ! .................

- (മലയുടെ മക്കൾ)

പൊതുവേ മിതഭാഷിയായ ഒ.എൻ.വി. വാചാലനും ആവേശഭരിതനുമായിമാറുന്നു, തൊഴിലാളികളുടെ മുന്നേറ്റം വർണ്ണിക്കുമ്പോൾ :-

1. സമതതൻ സൗരഭമുതിരുന്ന, മർദ്ദിത-
ജനതതൻ വിജയത്തിൻ പാരിജാതം !
അതുനേടാൻ മുന്നോട്ടു മുന്നോട്ടു മന്നിലി-
പ്പതിതർതൻ പടയണി നീങ്ങിനിൽക്കേ,
അവിരാമമാകുമാ ജയഘോഷയാത്ര..........

- (നഷ്ടപ്പെടാൻ വിലങ്ങുകൾ)

2. തരിമണൽക്കൂട്ടവും കോരിത്തരിച്ചുപോയ്,
തളരുന്നീലാരും തരിച്ചുപോലും !
തുള്ളിക്കളിക്കവേ മേനികളിൽ, തൂവേർപ്പിൻ -
തുള്ളികൾക്കുള്ളിലുണ്ടാത്മഹർഷം

- (അരിവാളും രാക്കുയിലും)

*ഒ. എൻ. വി. - ആദ്യകാല കവിതകൾ, ചിന്ത - തിരുവനന്തപുരം - 1989 - പുറം -39*

*1. ടി. പുസ്തകം -പുറം - 57*

*2 ടി. പുസ്തകം -പുറം - 46*

നമ്മുടെ നാടിന്റെ നട്ടെല്ല് അദ്ധ്വാനിക്കുന്ന തൊഴിലാളിവർഗ്ഗമാണെന്നും, കൃഷിഭൂമികർഷകന്റേതു മാത്രമാണെന്നും പ്രഖ്യാപിക്കുന്നു കവി :-

3. 'പണിചെയ്യും ജനതതിതൻ പൊതുമുതലാണക്കാണും
പവിഴക്കനിക്കുലകൾ, നെൽക്കതിരുകൾ !
പശിതീർക്കാൻ, നാടിന്റെ പശിതീർക്കാ, നങ്ങനെ
പണിചെയ്തു, വിളകൊയ്തു പ്രാകൃതന്മാർ'

-(അരിവാളും രാക്കുയിലും)

കവിതയിലൂടെ നൽകാനുദ്ദേശിക്കുന്ന സന്ദേശങ്ങൾ കൂടുതൽ ജാജ്ജ്വല്യമാനമാക്കുവാൻ പ്രതീകകല്പനകളിലൂടെ ഒ.എൻ.വിയ്ക്കു സാധിച്ചു. 'അരിവാളും രാക്കുയിലും' എന്ന കവിതയിലെ 'അരിവാൾ' വിപ്ലവത്തേയും തൊഴിലാളികളുടെ കർമ്മശേഷിയേയും പ്രതിനിധീകരിക്കുന്നു. അവർക്കു പ്രോത്സാഹനം നൽകുന്ന ഉത്തേജകശക്തികളുടെ - ആശയപ്രചാരകരായ കവികളുടെ- പ്രതീകങ്ങളാകുന്നു 'രാക്കുയിലുകൾ'. വിവിധങ്ങളായ ആശയങ്ങൾ സംവഹിക്കുന്ന ധാരാളം പ്രതീകങ്ങൾ ഒ.എൻ.വി.യുടെ ആദ്യകാലകവിതകളിലുണ്ട്. വെട്ടം, വെളിച്ചം, പുലർവെട്ടം, അന്തി, പുലരി, ചെങ്കതിർ, ചെമ്മുകിൽ, ചെന്നിണം, കരിമൊട്ടുകൾ, പൂവുകൾ, കുങ്കുമപ്പൂവുകൾ, വീണപൂവ്, തൂമലർവെട്ടം, കുങ്കുമരശ്മികൾ, ചോര, വെയ്‌ലല തുടങ്ങിയവ.

സ്വാതന്ത്ര്യാനന്തരഭാരതത്തിലും തൊഴിലാളികളുടെ ദുഃഖങ്ങൾക്ക് അറുതിവന്നില്ലെന്ന പരമാർത്ഥം കവിയുടെ ഹൃദയനൊമ്പരത്തിനു കാരണമായിത്തീർന്നു :-

'പാരിലിജ്ജീവിതപ്പോരിലെൻ മെയ്യിലെ -
ച്ചോര ചൊരിഞ്ഞു ഞാൻ നിൽക്കെ,
വാടിത്തളർന്നു വിയർത്തു വിവശനായ്
പാടുവാനാവാതെ നിൽക്കെ'

-(ചോരക്കിളി)

1. 'കളിക്കോപ്പുകൾക്കല്ല,
മുലപ്പാലിനായ്, കഞ്ഞി-
ത്തെളിക്കായ് കുഞ്ഞമ്മിണി -
മാരെത്ര കരയുന്നു !'

- (അനുജത്തി)

തൊഴിലാളികളുടെ വിമോചനത്തിനു കരുത്തുറ്റ പ്രത്യയശാസ്ത്രം മാർക്സി

---

*3. ഒ. എൻ. വി. - ആദ്യകാല കവിതകൾ-പുറം - 46*
*ടി. പുസ്തകം - പുറം -55*
*1. ദാഹിക്കുന്ന പാനപാത്രം - പ്രഭാത് ബുക്ക് ഹൗസ് - 1981 - പുറം -66*

സമാണെന്നും അതിനോടൊത്തു ചേരേണ്ട കാലം സമാഗതമായിരിക്കുന്നുവെന്നും കവി തൊഴിലാളിവർഗ്ഗത്തെ ഉദ്ബോധിപ്പിക്കുന്നു :-

2. 'നേരിൻ വെളിച്ചം വിതറി നിൽക്കുന്നൊരു
ചോരപ്പൂവുണ്ടവിടെ !
മാടിവിളിക്കുമാ വാടാമലരിനെ,
നേടുവാൻ നേരമായീ !...........'

-(നഷ്ടപ്പെടാൻ വിലങ്ങുകൾ)

വിളവേറ്റുവാൻ വേണ്ടി അഹോരാത്രം വിയർപ്പൊഴുക്കി അദ്ധ്വാനിക്കുന്ന തൊഴിലാളിവർഗ്ഗത്തിന് അവകാശപ്പെട്ടതാണ് കൃഷിഭൂമി എന്ന യാഥാർത്ഥ്യം ഇടയ്ക്കിടെ വിളിച്ചോതുമ്പോൾ കവി അവരിലൊരുവനായി മാറുന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ് :-

3. 'കലർന്നിരിപ്പൂ ലവണം, തൂവേർ -
പ്പുതിർന്നു വീണൊരു നിലമല്ലേ ?
ഇവിടെ ജനിച്ചവ, രിവിടെ വിതച്ചവ-
രിനിയതിനുടയവർ നാമല്ലേ ?'

-(മണ്ണിന്റെ സ്വപ്നം)

മുതലാളിത്തത്തിന്റെ തകർച്ചയും അതിൽ നിന്ന് തൊഴിലാളിവർഗ്ഗസർവാധിപത്യത്തിലേയ്ക്കുള്ള മുന്നേറ്റവും വർണ്ണിക്കുന്നതിൽ കവി പലപ്പോഴും ദത്തശ്രദ്ധനാണ്.

'അലകളോടു മല്ലടിച്ചു
വലപിടിച്ച കൈകള്
വലിയ വരിമീനുകള്
നേടിവന്ന കൈകള്

മുതലെടുത്തു വയറുവീർത്തൊ-
രുടമകളെ നേരില്
പുതിയപോരിലൊത്തുനിന്ന്
പറപറത്തും കാറ്റില് !

തോക്കുകണ്ടു നടുങ്ങുകില്ലിനി
മുക്കുവച്ചെറുമക്കള്
നോക്ക്, നോക്ക്, ചെമ്മുകില്
തീകൊളുത്തിയ വാനില് !

- (മാറിയ കുത്തുകൾ)

---

*2. ആദ്യകാലകവിതകൾ - ചിന്ത - 1989 , പുറം -57*

*3. ടി. പുസ്തകം - പുറം -59.*

*ആദ്യകാലകവിതകൾ - ചിന്ത - 1989 - പുറം -64.*

അവസാനത്തെ വരികളിലൂടെ, തൊഴിലാളി വർഗ്ഗമുന്നേറ്റത്തിന്റെ പ്രേരകശക്തി കമ്മ്യൂണിസമാണ് എന്ന് ഒരിക്കൽ കൂടി കവി വ്യക്തമാക്കുന്നു.

തൊഴിലാളികളുടെ യാതനകൾ ഇതിവൃത്തമാക്കി ഒ.എൻ.വി. മെനഞ്ഞെടുത്ത ഹൃദയഭേദകമായ ഒരു കവിതയാണ് 'ന്റെ പുന്നാര അരിവാള്' . നിസ്വവർഗ്ഗവുമായി താദാത്മ്യം പ്രാപിക്കുന്ന കവി, തൊഴിലാളിവർഗ്ഗം എന്നും കണ്ണീരിന്റെ സന്തതികളാണെന്ന യാഥാർത്ഥ്യം വിളിച്ചോതുന്നു :-

കണ്ണുനീർപ്പൂക്കൾമാത്രമിരുളിൽ ചിരിക്കുമീ-
മണ്ണിലൊരരിവാളിൻ ചിത്രം ഞാൻ സ്മരിക്കുന്നു !
ഞാനതു പകർത്തട്ടെ, സ്നേഹിതാ, നിങ്ങൾക്കതിൽ
കാണുകയില്ലൊന്നും പക്ഷേ, യിക്കിളിക്കൊള്ളിപ്പതായ്

-(ന്റെ പുന്നാര അരിവാള്)

സ്വന്തം നേട്ടങ്ങൾക്കുവേണ്ടി മേധാവിത്വശക്തികൾ പരസ്പരം നടത്തുന്ന യുദ്ധങ്ങളുടെ കെടുതികളും അനുഭവിക്കേണ്ടിവരുന്നത് സാധാരണക്കാരിൽ സാധാരണക്കാരായ പട്ടിണിപ്പാവങ്ങളാണെന്ന സത്യം കവി തുറന്നു കാട്ടുന്നു :-

'യുദ്ധമാണു പോലേതോ രാജ്യങ്ങൾ തമ്മിൽ ; പുല -
ച്ചേറ്റമാടമുണ്ടതിൻ വൻഭാരം ചുമക്കുവാൻ '

- (ന്റെ പുന്നാര അരിവാള് )

ഒരു വിപ്ലവകവിയായി മാറിയ ഒ.എൻ.വിയ്ക്ക് ഇഷ്ടവിഷയമായിരുന്നു തൊഴിലാളിവർഗ്ഗമുന്നേറ്റം :-

'പെറ്റ നാടിന്റെ മാർത്തടത്തിലായ്
രക്തചന്ദനം ചാർത്തുവാൻ
ആയിരങ്ങൾ നിരന്ന പോരിന്റെ
ആവി പാറുന്നൊരോർമ്മകൾ '

- (കതിരു കണ്ട കിളികൾ)

സോവിയറ്റുറഷ്യയിലെ തൊഴിലാളികളുടെ ആഹ്ലാദപ്രകടനങ്ങൾ വർണ്ണിക്കുമ്പോൾ കവി കൂടുതൽ കൂടുതൽ വാചാലനാകുന്നു.

'പൂച്ചെണ്ടുകളേന്തും പൂമൈതങ്ങൾ, നാനാതര-
പുഷ്പോജ്ജ്വലകാന്തികൾതൻ പൊൽപ്പുഞ്ചിരികൾ,

---

*ആദ്യകാലകവിതകൾ - പുറം - 72*

*ടി. പുസ്തകം - പുറം - 78.*

ചെഞ്ചോരമണിക്കൊടികൾ, വർണോജ്വല ചിത്രങ്ങൾ
എന്തെന്തൊരാഹ്ലാദപ്രകടനങ്ങൾ !

- (തെരവുകളേ, ശബ്ദിക്കുക)

കൃഷിഭൂമി കർഷകന്റേതാണെന്ന് ഇടയ്ക്കിടെ ആവർത്തിക്കാൻ ഒ.എൻ.വിയ്ക്കു മടിയില്ല. കൃഷിഭൂമിക്കു വേണ്ടി മുറവിളികൂട്ടേണ്ടതും ശ്രമം നടത്തേണ്ടതും തൊഴിലാളികളാണെന്ന് കവി അവരെ ഉദ്ബോധിപ്പിക്കുന്നു :-

''ഞങ്ങൾ പണി ചെയ്യുമീ വിളഭൂമികൾ ഞങ്ങൾക്കാ-
ണങ്ങനെയാശബ്ദമൊന്നല തല്ലട്ടേ !''

- (തെരവുകളേ, ശബ്ദിക്കുക)

വയറ്റുപ്പിഴപ്പിനായി നിരന്തരം പാടുപെടുന്ന നിസ്വരും ആലംബഹീനരുമായ തൊഴിലാളികൾ ഒ.എൻ.വിക്കവിതയ്ക്കു വിഷയമായി ഭവിക്കുന്നു. അവരുടെ വേദനകളിൽ ആഴ്ന്നിറങ്ങി, കദനത്തിന്റെ യഥാർത്ഥചിത്രം കണ്ടറിഞ്ഞാവിഷ്കരിക്കാൻ ഒ.എൻ.വിയ്ക്ക് അസാധാരണമായ പ്രാഗത്ഭ്യമുണ്ട് :-

കണ്ണീരിലത്രേയമ്മയുപ്പേരി വറുത്തേകി ;
കണ്ണുനീരാലേ കഞ്ഞിയ്ക്കുപ്പൊഴിച്ചവർക്കേകി.
ഒരു മൺകൂരയ്ക്കുള്ളിലെണ്ണയില്ലാതേ കരി -
ന്തിരി കത്തുകയാണാ തള്ളതൻ പാഴ് ജീവിതം.

- (ഞാൻ നിന്നെ സ്നേഹിക്കുന്നു)

ജീവിക്കാനും ജീവിതസാഹചര്യങ്ങളൊരുക്കാനും ഉള്ള അവകാശം എല്ലാവർക്കും തുല്യമാണെന്നിരിക്കേ, അതു നിഷേധിക്കപ്പെടുമ്പോൾ, അതു നേടിയെടുക്കാൻ വെമ്പൽകൊള്ളുന്ന സാധാരണക്കാരന്റെ ജീവിതമോഹം കണ്ടറിഞ്ഞാവിഷ്കരിക്കുവാൻ ഒ.എൻ.വി. ശ്രമിക്കുന്നു :-

1. അറിവിന്നുറവയ്ക്കാ,
    യിണ ചേർന്നിളം ചൂടു-
പകരാ, നരിവെന്ത
    നീരിന്റെ നനവിന്നായ്,
എന്തൊരുൾക്കടദാഹം !
    ഈ മണ്ണിൽ ചുടുവേർപ്പു
ചിന്തുന്ന മനുഷ്യനു

---

*ആദ്യകാലകവിതകൾ - പുറം - 84,89*

*ദാഹിക്കുന്ന പാനപാത്രം - പ്രഭാത് ബുക്ക് ഹൗസ് -1981*

1. *ടി. പുസ്തകം - പുറം -132*

ജീവിതമൊരു ദാഹം !

- (ദാഹിക്കുന്ന മണ്ണ്)

അദ്ധ്വാനിക്കുന്ന തൊഴിലാളിവർഗ്ഗത്തിന്റെ വിജയം എവിടെയൊക്കെ ഉണ്ടാകുമോ അവിടെയൊക്കെ കവിയുടെ കണ്ണു ചെന്നെത്തുക മാത്രമല്ല, അവർക്കു പ്രോത്സാഹനം നൽകുകയും ചെയ്യുന്നു :-

2. ചക്രവാളാന്തത്തോളം മർത്ത്യന്റെയദ്ധ്വാനത്തിൻ-
മുത്തണിക്കുട നീർത്തു തുള്ളിക്കും വയലുകൾ
ഇന്നലെ തലപൊക്കി നോക്കവേ, മനുഷ്യന്റെ
ചെന്നിണക്കൊടി തലതാഴ്ത്തിനില്പതായ്ക്കണ്ടു !

- (ഇന്നലെ, ലില്ലിപ്പൂക്കൾ)

താൻ അവർക്കുവേണ്ടി പാടുന്ന പാട്ട് അന്തരംഗത്തിന്റെ അഗാധതലങ്ങളിൽ നിന്ന് ഉറവെടുക്കുന്ന നിഷ്കളങ്കമായ ഒന്നാണെന്നും കവിക്കു പക്ഷമുണ്ട് :-

1. തുടുത്ത പൂക്കൾ, കരൾ
ച്ചെപ്പിലെ സിന്ദൂരത്താൽ
തുടുത്ത പൂക്കൾ വാരി
വാരി ഞാൻ വിതറട്ടെ.

- (പനി നീർച്ചെടിയുടെ പാട്ട് )

വേദനിക്കുന്ന അധഃസ്ഥിതന്റെ നൊമ്പരങ്ങൾ തന്റെ കവിതയ്ക്കു എന്നും വിഷയമാകുമെന്ന് ഒ.എൻ.വി ഏറ്റുപറയുന്നു.

2. 'നിന്നിതൾത്തുമ്പിലെപ്പുഞ്ചിരി മായുമ്പോൾ
നിന്നെക്കുറിച്ചൊന്നു പാടാൻ
എൻമണി വീണയിൽ വിണപൂവേ, നിന്റെ
നൊമ്പരം നിന്നു തുടിപ്പൂ '

- (വീണപൂവ്)

അനേകം സിദ്ധികളുണ്ടായിട്ടും അധഃസ്ഥിതർക്ക് അവരുടെ കഴിവുകൾ പ്രകടമാക്കാൻ കഴിയാതെ വരുന്നത് പരിതസ്ഥിതികളുടെ സമ്മർദ്ദം മൂലമാണെന്ന് കവി പറയുന്നു :-

---

2. *ദാഹിക്കുന്ന പാനപാത്രം - പ്രഭാത് ബുക്ക് ഹൗസ് -1981, പുറം -69*

1. *ടി. പുസ്തകം - പുറം -137*

2. *ടി. പുസ്തകം - പുറം -142*

3. ‘ഇരുളിൽപ്പുതഞ്ഞുപോയ് ’തേച്ചുമിനുക്കിയാൽ
ചിരിതൂകുമായിരം ജീവിതങ്ങൾ ! ’

- (മാറ്റുവിൻ ചട്ടങ്ങളെ)

1. ചപ്പുനുള്ളുവാൻ മാത്രം
ജീവിതം പിറക്കുന്നു,
ചപ്പിലക്കുഴികളിൽ
ജീവിതം മറയുന്നു

ചാട്ടവാറടിയേറ്റു
ജീവിതം ചുളുങ്ങുന്നു
കാട്ടുമങ്കേ, നിൻചുറ്റു
മീ സത്യം ജയിക്കുന്നു.

(നീലക്കണ്ണുകൾ)

പാവപ്പെട്ടവന്റെ കണ്ണീർ എന്നെന്നേയ്ക്കുമായി ഇല്ലാതാക്കുവാൻ താൻ അപ്രാപ്തനാണെന്നും അവരുടെ ദുഃഖം ഒരു നിമിഷത്തേയ്ക്കെങ്കിലും ഇല്ലാതാക്കുകയാണ് തന്റെ കാവ്യോദ്ദേശ്യമെന്നും ഒ.എൻ.വി. വെളിപ്പെടുത്തുന്നു :-

2. നോവിന്റെ മുൾവേലികൾ -
ക്കുള്ളിലുമെൻ ജീവിതം
പൂവിന്റെ മന്ദസ്മിതം
തുന്നുവാൻ തുടിക്കുന്നു.

‘പൂവിറുക്കുവാനെത്തും
ജീവിതങ്ങൾക്കായ്, കണി-
പ്പൂവുകൾകൊരുക്കുവാ-
നെൻകരൾ തുടിക്കുന്നു’

-(പനിനീർച്ചെടിയുടെ പാട്ട്)

പാവപ്പെട്ടവന്റെ കണ്ണീരിനു ശാശ്വതമായ പരിഹാരം കണ്ടെത്താനാകാത്ത തന്റെ നിസ്സഹായത കവി തുറന്നു സമ്മതിക്കുന്നുണ്ട്.

x‘കവിത കൊണ്ടു നിൻ കണ്ണുനീരൊപ്പുവാൻ
കഴിവെഴാത്തവ, നാണു ഞാ, നെങ്കിലും,
കടമിഴികളിൽ, നീലമലരൊളി
കവിത നെയ്തിടും നിൻ കൺമുനകളിൽ

---

*3. ദാഹിക്കുന്ന പാനപാത്രം - പുറം -147*
*1. ആദ്യകാലകവിതകൾ - പുറം - 187*
*2. ദാഹിക്കുന്ന പാനപാത്രം - പുറം -134*
*x ആദ്യകാലകവിതകൾ - പുറം -188*

ഉരുകിയൂറുന്ന നോവിൻ നനവുകൾ
ഒരു നിമിഷമൊന്നുമ്മ വച്ചൊപ്പുവാൻ
മധുരമാമൊരു സ്നേഹാർദ്രഗീതത്തിൻ-
മൃദുലമാമൊരു തൂവാല തുന്നുവാൻ
മുരളിയിൽ ചുണ്ടമർത്തുകയാണെന്റെ
കരളിലെ സ്നേഹഗായകൻ സോദരീ !'

-(നീലക്കണ്ണുകൾ -പ്രാരംഭഗീതം)

## മാനവികതയും വിപ്ലവാഹ്വാനവും

സാമൂഹ്യ ബോധമുള്ള ഒരെഴുത്തുകാരന് തന്റെ ചുറ്റുപാടും കാണുന്ന സാമൂഹികചലനങ്ങളുടെ നേരെ മൗനമവലംബിക്കുക സാദ്ധ്യമല്ല. അതിന് അയാൾക്കു പ്രേരണ നൽകുന്ന ശക്തി, മാനവസ്നേഹവും. സമൂഹമനസ്സുകളുടെ ചലനങ്ങൾ കണ്ടറിഞ്ഞാവിഷ്കരിക്കുന്ന ഒ.എൻ.വി, കവി എന്ന നിലയിൽ മറ്റെന്തിനേക്കാളുമധികം പ്രാധാന്യം കല്പിച്ചിരുന്നത് മാനവസ്നേഹത്തിനായിരുന്നു. മാർക്സിസ്റ്റു പ്രത്യയശാസ്ത്രത്തിന്റെ അന്തർധാരയാണല്ലോ മാനവികത (humanism). ഭൂരിപക്ഷം വരുന്ന സാധാരണക്കാരന്റെ ജീവിതം കവിതയ്ക്കു വിഷയമാക്കുന്നതിന്റെ പിന്നിൽ ഈ മനോഭാവം കാണാം. ആദ്യഘട്ടത്തിലെ കവിതകളിൽ തന്നെ മാനവികത ശക്തമായി ആവിഷ്ക്കരിച്ചിരിക്കുന്നു. സ്വാതന്ത്ര്യം ലഭിച്ചിട്ടും ഭാരതത്തിൽ സാധാരണക്കാരന്റെ ജീവിതക്ലേശങ്ങൾ ലഘൂകരിക്കപ്പെട്ടില്ലെന്ന യാഥാർത്ഥ്യം കവിയെ ദുഃഖിപ്പിക്കുന്നു. സമൂഹത്തോടു കവി ആവശ്യപ്പെടുന്നതു നോക്കുക :-

1. 'ഭഗ്നമാമാശകൾ ജീവിതക്ലേശങ്ങൾ
നഗ്നചിത്രങ്ങൾ രചിക്കരുതിങ്ങിനി
സംഗരമാടിയൊരിന്നിലത്തിങ്കൽനിൻ-
മംഗള രംഗങ്ങളാടാം നമുക്കിനി
പാവനസ്നേഹമലർവിരിപ്പാർന്നൊരു
ജീവിതമണ്ഡപം നാമിങ്ങുയർത്തുക'

-(പൂജാനൃത്തം)

താൻ സ്വപ്നം കണ്ടിരുന്ന സമാധാനപൂർണ്ണമായ വിശാലഭാരതം, സ്വാതന്ത്ര്യലബ്ധിയ്ക്കുശേഷവും കൈവന്നിട്ടില്ലെന്ന ദുഃഖം കവിയ്ക്കുണ്ട്.

2. 'രണ്ടുതുണ്ടാണിന്നു ദേവ, ഭവാൻക്ഷീര-
മുണ്ടൊരാ മാറിടം; വാർന്നേറെ രക്തവും !

---

*ആദ്യകാലകവിതകൾ - ചിന്ത - 1989*

1. *ടി. പുസ്തകം - പുറം -25*
2. *ടി. പുസ്തകം - പുറം - 35*

''ഭിത്തികൾ നൂറായി വേർതിരിക്കാത്തൊരാ
സ്വർഗ്ഗ''ത്തിലെത്തീല മാതൃഭൂമിന്നുമേ !

-(ഗീതാഞ്ജലി)

സാധാരണക്കാരന്റെ വേദനയും പ്രശ്നങ്ങളും സ്വന്തം വേദനയും പ്രശ്നങ്ങളുമായി കാണുന്ന കവിയുടെ കണ്ണുകൾ, സാധാരണജനതയുടെ യാതനകളുള്ളിടങ്ങളിലെല്ലാം ചെന്നെത്തുന്നു എന്നു മാത്രമല്ല സൂക്ഷ്മദൃക്കായ അദ്ദേഹം അവയെല്ലാം ഹൃദയസ്പൃക്കായി ആവിഷ്ക്കരിക്കുകയും ചെയ്യുന്നു. ഒ.എൻ.വിയുടെ മാനവികതയ്ക്ക് അതിരുകളില്ല. അത് സ്വരാജ്യസീമകളെ അതിലംഘിച്ച് ലോകത്തിന്റെ നാനാഭാഗങ്ങളിലേയ്ക്കും വ്യാപിക്കുന്നു. ലോകമാസകലമുള്ള തൊഴിലാളിവർഗ്ഗം ഒന്നാണെന്നും, അവരുടെ ആന്തരികപ്രശ്നങ്ങൾക്ക് ഏകതാനതയുണ്ടെന്നും കവി അറിയുന്നു. ഒ.എൻ.വി.യിലെ മാനവികത വളർന്നുവളർന്ന് വിശ്വമാനവസങ്കല്പത്തോളം ചെന്നെത്തുന്നു. 'കതിരു കണ്ട കിളികൾ എന്ന കവിതയിൽ ചൈനയിലെ തൊഴിലാളി വർഗ്ഗവിജയവും, 'തെരവുകളേ, ശബ്ദിക്കുക' , മേയ് ദിനപ്പൂവുകൾ എന്നീ കവിതകളിൽ സോവിയറ്റുനാടുകളിലെ കമ്മ്യൂണിസ്റ്റുപ്രത്യയശാസ്ത്രത്തിന്റെ വിജയവും കൈകാര്യം ചെയ്യുന്നത് അതുകൊണ്ടാണ്.

മാനവസ്നേഹിയായ കവിയുടെ കൂറ് എല്ലായ്പ്പോഴും കഷ്ടനഷ്ടങ്ങളനുഭവിക്കുന്ന സാധാരണക്കാരനോടു തന്നെ. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ അവനാണു യഥാർത്ഥമനുഷ്യൻ. അവന്റെ വേദനകളെ കണ്ടെത്തി ഇല്ലാതാക്കാൻ ശ്രമിക്കുകയത്രേ തന്റെ കർത്തവ്യം :-

'എന്റെ രക്തത്തിൽക്കുറിക്കുകയാണു ഞാ-
നന്തമില്ലാത്തൊരു ശോകാന്തനാടകം.' ..........

-(നിന്റെ രാജ്യം വരേണമേ)

സാധാരണക്കാരന്റെ ജീവിതസ്പന്ദനങ്ങൾ കണ്ടറിഞ്ഞ് സഹാനുഭൂതിയോടെ ആവിഷ്ക്കരിക്കുകയാണ് കലാകാരന്മാർ ചെയ്യേണ്ടതെന്നും ഒ.എൻ.വി. അഭിപ്രായപ്പെടുന്നു :-

'കലകൾ മനുഷ്യാത്മാവിൻ സ്പന്ദന-
മലിയാതേ വളരില്ല !
കലകൾ മനുഷ്യാത്മാവിൻ നോവുകൾ

---

*ആദ്യകാലകവിതകൾ - പുറം - 148.*

*ടി. പുസ്തകം - പുറം - 152.*

കലരാതേ വളരില്ല !'

- (ഒരു ദേവതയും രണ്ടു ചക്രവർത്തിമാരും)

ലക്ഷ്യപ്രാപ്തിക്കു സായുധവിപ്ലവവും വേണ്ടിവന്നാലാകാം എന്ന പ്രത്യയ ശാസ്ത്രതത്വത്തോടു കൂറു പുലർത്തുന്നുണ്ടെങ്കിലും, യുദ്ധം വിനാശകാരിയാണെന്നും അതു മനുഷ്യവിനാശത്തിനു വഴിവെയ്ക്കുമെന്നും ഉള്ള അഭിപ്രായം ഒ. എൻ.വി വച്ചു പുലർത്തുന്നു. സർവനാശോന്മുഖമായ യുദ്ധത്തെ കവി പിശാചായി കാണുന്നു.

'മർത്ത്യൻ ? - ഇന്നോളവും നിന്നെയൂട്ടീ
യുദ്ധപ്പിശാചേ, നീ നോക്കു മർത്ത്യൻ !
മർത്ത്യനെക്കൊത്തി വിഴുങ്ങുവാൻ വ -
ന്നെത്തുന്നു നീയീ ശവക്കുഴിയിൽ'

- (നാടിന്റെ പൊട്ടിച്ചിരികൾ)

ഈ യുദ്ധമെന്ന വിപത്തിന് നമ്മുടെ നാട്ടിൽ പ്രവേശനം അനുവദിക്കരുതെന്ന് ഒ.എൻ.വി. ശക്തിയുക്തം വാദിക്കുന്നു :-

കേരതരുക്കൾ തൻ നാട്ടിലോളം
ചോരയൊരു തുള്ളി വീണുപോയാൽ .........!
ഒറ്റവെടിയുണ്ട പാഞ്ഞുപോയാൽ .........!
ഒറ്റബോംബെങ്ങാനെറിഞ്ഞുപോയാൽ ......!
- ഇന്നീ വിരൽ നിന്റെ നേർക്കു ചൂണ്ടി
നിന്നെ വിലക്കുന്നു ഞാൻ, മനുഷ്യൻ.

- (നാടിന്റെ പൊട്ടിച്ചിരികൾ)

മാനവികതയും വിപ്ലവവും പരസ്പരപൂരകമായ രണ്ട് അവസ്ഥകളാണ്. മാനവികതയിൽ നിന്നാണ് വിപ്ലവബോധം ഉടലെടുക്കുന്നത്. മനുഷ്യസ്നേഹത്തിലധിഷ്ഠിതമായ വിപ്ലവബോധമാണ് ഒ.എൻ.വി കവിതകളിലൂടെ പ്രകടിപ്പിക്കുന്നത്. സമൂഹത്തിലെ അനീതികൾ ഇല്ലായ്മ ചെയ്ത് തൽസ്ഥാനത്ത് നന്മയെ കുടിയിരുത്തണമെന്ന തോന്നൽ ഒരു മനുഷ്യസ്നേഹിക്കു മാത്രമേ ഉണ്ടാകു. സമൂഹത്തിൽ ദുരിതമനുഭവിക്കുന്ന ഭൂരിപക്ഷക്കാരായ സാധാരണക്കാരുടെ വേദന കണ്ടു മനസ്സലിഞ്ഞ കവിയ്ക്ക് പ്രതികരിക്കാതിരിക്കാൻ സാധ്യമല്ല. അതിന്റെ കാരണങ്ങൾ കണ്ടറിഞ്ഞ്, അവയെ ഇല്ലായ്മ ചെയ്യുന്നതിന് വിപ്ലവമാർഗ്ഗം അവലംബിക്കുവാൻ ആഹ്വാനം ചെയ്യുന്നുണ്ട് ഒ.എൻ.വി തന്റെ ആദ്യകാലകവിതകളിൽ. തച്ചുടയ്ക്കുവാനും ഉടച്ചുവാർക്കുവാനും പലതുമുണ്ടെന്ന ബോധം കവിയ്ക്കുണ്ട്. തന്മൂലം സമത്വപൂർണ്ണ

*ആദ്യകാലകവിതകൾ - പുറം - 97*

മായ ഒരു 'നല്ല നാളെ' യുടെ സൃഷ്ടിക്കായി ഒന്നു ചേരുവാൻ കവി ആഹ്വാനം ചെയ്യുന്നു :-

''മിന്നുമരിവാളിലാശയുൾക്കൊള്ളുന്നൊ
രിന്നിന്റെ വേലക്കാരേ ! ..................
നഷ്ടപ്പെടുവാൻ വിലങ്ങുകൾ !- കിട്ടുവാ-
നിദ്ധരയാകമാനം !..........''

''നേരിൻ വെളിച്ചത്തെ നേടുവാനുള്ളൊരി-
പ്പോരിനായൊത്തു നില്പിൻ !
നഷ്ടപ്പെടുവാൻ വിലങ്ങുകൾ !- കിട്ടുവാ-
നിദ്ധരയാകമാനം ! ...............''

- (നഷ്ടപ്പെടാൻ വിലങ്ങുകൾ)

വിപ്ലവബോധവും നല്ലനാളെയെക്കുറിച്ചുള്ള ശുഭപ്രതീക്ഷയും വച്ചുപുലർത്തുന്ന കവി ആവേശഭരിതനായി അവരുടെ മുൻ നിരയിലേയ്ക്കെടുത്തു ചാടുന്നില്ല, പ്രത്യുത കാര്യഗൗരവം കണ്ടറിഞ്ഞ്, അല്പം മാറിനിന്ന് ഉപദേശം നൽകുകയാണു ചെയ്യുന്നത്. നല്ല നാളേയ്ക്കു വേണ്ടി മുന്നേറുവാൻ കവി തൊഴിലാളികളെ ഉദ്ബോധിപ്പിക്കുന്നു.

1. 'വിതറുക വിത്തുകൾ നീളേ നീളേ !......
വിടരുകയല്ലീ നമ്മുടെ നാളെ!.........'

അരുതരുതിനിമേലിവിടെ വിലങ്ങിൻ
ചിരികേട്ടാരുമുറങ്ങല്ലേ !
പൊട്ടിച്ചെറിയൂ, കൈച്ചങ്ങലയുടെ
പൊട്ടിച്ചിരിയും കലയെന്നോ ?.........'

- (മണ്ണിന്റെ സ്വപ്നം)

ഒരുമയോടെ ഒത്തുചേരുന്ന തൊഴിലാളികളുടെ നിശ്ചയദാർഢ്യത്തിന്റെ പരിണാമം അവരുടെ വിജയവും സ്ഥിതിസമത്വവുമായിരിക്കുമെന്ന് കവി പറയുന്നു :-

2. 'കതിരൊളി വയലിൻ മുത്തുകളിനിമേ-
ലറകളിലിരുളിലൊളിക്കില്ലാ !
പതിരും ചണ്ടീം പതമായ് വാങ്ങാൻ
പണിചെയ്വോരിനിയില്ലില്ലാ !

- (മണ്ണിന്റെ സ്വപ്നം)

---

*ആദ്യകാലകവിതകൾ - പുറം -57*

*ടി. പുസ്തകം - ചിന്ത - 1989*

*1,2, ടി. പുസ്തകം - പുറം -59*

തൊഴിലാളിവിപ്ലവം ആത്യന്തികവിജയത്തിലെത്തുമെന്ന് കവി മുൻകൂട്ടി കാണുന്നു :-

'ഇന്ത്യതൻ കൃഷിക്കാരൻ ചങ്ങലവെട്ടിപ്പൊട്ടി-
ച്ചിന്നിലങ്ങളിൽ വെന്നിക്കൊടിനാട്ടുമപ്പോരിൽ
പോയൊരാ തലമുറയേകിയോരരിവാളാ-
മായുധവുമായവളാഞ്ഞടുത്തിടുന്നതായ്
നാളെയെൻ നാട്ടിൻ പുഞ്ചവയലേലകൾ മീതേ
വാളുയർത്തിനിന്നവൾ പുഞ്ചിരിക്കൊള്ളുന്നതായ്
കാണുന്നു ഞാനാ ചിത്രം .......'

- (ന്റെ പുന്നാര അരിവാള്)

നിശ്ചയദാർഢ്യത്തോടെ മുന്നേറുന്ന തൊഴിലാളികളുടെ ശക്തിയെ ചെറുത്തു തോല്പിക്കാൻ ആർക്കും സാധ്യമല്ലെന്ന പ്രസ്താവവും കവി നടത്തുന്നുണ്ട് :-

''പുത്തനാമൊരു പോരിലങ്ങനെ
ശത്രുവിനെ നേരില് !
പത്തുപിടിച്ചെണ്ണി നമ്മള്
പറപറത്തും കാറ്റില് !
തോക്കു കണ്ടു നടുങ്ങുകില്ലിനി
മുക്കുവച്ചെറുമക്കള് !
നോക്ക് , നോക്ക്, തീയലകള്
നൃത്തമാടും കടലില്. ''

- (മാറിയ കൂത്തുകൾ)

സ്വന്തം അവകാശങ്ങൾ നേടിയെടുക്കുവാൻ വേണ്ടി തൊഴിലാളികൾ സംഘടിക്കാൻ ആഹ്വാനം ചെയ്യുന്ന കവി, കൃഷിഭൂമി കർഷകർക്കവകാശപ്പെട്ടതാണെന്ന സത്യവും മനസ്സിലാക്കിക്കൊടുക്കുന്നു :-

''ഞങ്ങൾ പണിചെയ്യുമീ വിളഭൂമികൾ ഞങ്ങൾക്കാ
ണങ്ങനെയാശബ്ദമൊന്നലതല്ലട്ടേ !

- (തെരുവുകളേ, ശബ്ദിക്കുക)

സംഘടിക്കാനുള്ള ശക്തിയും അവസരങ്ങളും മറ്റേതൊരു വർഗ്ഗത്തേക്കാളും കൂടുതലുള്ളത് തൊഴിലാളികൾക്കു തന്നെ. അവർക്കാകട്ടെ, നഷ്ടപ്പെടുവാൻ സ്വാർത്ഥങ്ങളൊന്നും തന്നെ ഇല്ല :-

---

*ആദ്യകാല കവിതകൾ - പുറം - 72*

*ടി. പുസ്തകം - പുറം - 64*

*ടി. പുസ്തകം - പുറം - 84*

ˣ നഷ്ടമായില്ല കിരീടമോ മാനത്തു
മുട്ടുന്ന സൗധമോ, സിംഹാസനങ്ങളോ,
തീപ്പുകതുപ്പുന്ന വൻയന്ത്രശാലയോ
വീർപ്പുമുട്ടും ഖജനാവോ ധനങ്ങളോ
ഇല്ലില്ല നഷ്ടമായില്ലന്നവർക്കൊരു
പുല്ലിന്റെ ചോട്ടിലെ മൺതരികൂടിയും !

- (മേയ് ദിനപ്പൂവുകൾ)

**മുതലാളിത്തത്തിനും, പൗരോഹിത്യത്തിനുമെതിരേ**

മുതലാളിത്തത്തിന്റെ ക്രൂരതകളേയും അരുതായ്മകളേയും കുറിച്ചുള്ള പരാമർശങ്ങൾ ഒ.എൻ.വിയുടെ ആദ്യകാല കവിതകളിൽ കാണാം. മുതലാളിത്തത്തിന്റെ ചൂഷണസ്വഭാവം കവി വ്യക്തമാക്കുന്നു :-

യന്ത്രം തിരിക്കുവാൻ മാത്രം മനുഷ്യനെ
യന്ത്രമായ് മാറ്റിയ വർഗ്ഗം സുഖിക്കവേ,

- (മേയ് ദിനപ്പൂവുകൾ)

ˣˣവല്ലോരും പണി ചെയ്താലെന്താ
വല്ല്യോർക്കാ ഫലമൊക്കെ.

-(വെട്ടം വീഴുമ്പോൾ)

മുതലാളിത്തത്തിന്റെ ഹൃദയശൂന്യമായ പ്രവൃത്തികൊണ്ട് കഷ്ടതയനുഭവിക്കേണ്ടിവരുന്ന സാധാരണ തൊഴിലാളികളുടെ നൊമ്പരങ്ങൾ ആവിഷ്ക്കരിക്കുന്നതോടൊപ്പം മുതലാളിത്തത്തിന്റെ ഹൃദയശൂന്യതയ്ക്കെതിരേ പ്രതികരിക്കേണ്ടവർ കൂടിയാണ് കവികൾ എന്നും ഒ.എൻ.വി. അഭിപ്രായപ്പെടുന്നു :-

ˣഹൃദയമില്ലായ്മതൻ മദമിയലും കൈകളാൽ
പതിതകളായ്തീരുമ്പോൾ പങ്കജങ്ങൾ
അതിനൊക്കെ കുയിലുകളണിയറയിൽ പാടുവാ-
നധികാരം കല്പിച്ചു; കിളികൾ പാടീ !

- (അരിവാളും രാക്കുയിലും)

''പടവാളുകൾ, പീരങ്കികൾ, വിഷബോംബുകൾ കാട്ടു
മിരുൾപ്പടയുടെ തലകൊയ്യാനണിചേരുമോ ?''

- (അരിവാളും രാക്കുയിലും)

---

x ആദ്യകാലകവിതകൾ - ചിന്ത - 1989

xx ടി. പുസ്തകം - ചിന്ത - 1989

x ടി. പുസ്തകം - ചിന്ത -1989, പുറം - 46

മുതലാളിവർഗ്ഗത്തിന്റെ അനാശാസ്യപ്രവൃത്തികൾക്കടിപ്പെട്ട് ജീവിതം ഹോമിക്കേണ്ടി വരുന്ന നിർദ്ധനരുടെ കിടാങ്ങൾ അനുഭവിക്കുന്ന യാതനയുടെ ചിത്രവും കവി വ്യംഗ്യഭംഗ്യാ വരച്ചുകാട്ടുന്നു :-

ശാന്തമായ് വിരിയുന്നൂ
    വിശ്വാസപുഷ്പം; പക്ഷേ,
താന്തമായ് തരളമാ,-
    യാർദ്രമായുലയുന്നൂ !
അതിന്റെലാവണ്യം ഹാ !
    കുടിച്ചു വറ്റിച്ചേറെ
മദിച്ചു പുളയുന്നൂ
    ചൂടുവെയ്ലല ചുറ്റും !

- (നീലക്കണ്ണുകൾ)

മുതലാളിത്തത്തിന്റെ ചൊല്പടിക്കാരായ മതപൗരോഹിത്യശക്തികൾക്കെതിരെയും ആക്ഷേപവർഷം ചൊരിയുന്നുണ്ട് കവി. മതപൗരോഹിത്യശക്തികൾ എന്നും പുരോഗതിക്കു വിഘാതം സൃഷ്ടിക്കുന്നവരാണെന്നു കവിക്കു പക്ഷമുണ്ട്. തൊഴിലാളിവർഗ്ഗമുന്നേറ്റത്തിൽ ഭയവിഹ്വലരായിത്തീരുന്ന മുതലാളികളേയും പുരോഹിതവർഗ്ഗത്തേയും കവി ചിത്രീകരിക്കുന്നതു നോക്കുക :-

1. വലിയ കരിമീനുകള്
    വലയിലങ്ങനെ പിടയിണെ
വലിയ ജന്മീം കത്തനാരും
    കണ്ണുരുട്ടി നോക്ക്ണേയ് !

- (മാറിയ കൂത്തുകൾ)

മതപൗരോഹിത്യവിഭാഗം സമൂഹത്തിലെ ഉന്നതശ്രേണിയിൽപെട്ടവരും ഭോഗലാലസരുമാണ്. ദൈവത്തിന്റെ പ്രതിപുരുഷൻമാരെന്നവകാശപ്പെടുന്ന മതപുരോഹിതന്മാരുടെ കാപട്യങ്ങളേയും അനാശാസ്യ പ്രവർത്തനങ്ങളേയും കവി പരിഹാസദൃഷ്ട്യാ വീക്ഷിക്കുന്നു തന്റെ ആദ്യകാലകവിതകളിൽ :-

കണ്ടു ഞാൻ ; കൊന്തയും നീണ്ട മേലങ്കിയും
തങ്കക്കുരിശിന്റെ മുദ്രയുമുള്ളവർ .............
നിന്റെ പ്രതിപുരുഷന്മാരുടെ തിരു-
മുമ്പിൽ തലതാഴ്ത്തി നിന്നുഞാനെന്തിനോ !

---

*ആദ്യകാലകവിതകൾ- ചിന്ത -1989, പുറം -189*

1. *ടി. പുസ്തകം - ചിന്ത - 1989 - പുറം -64*

x ചുണ്ടിൽനിന്നൂർന്ന ചുരുട്ടുതുണ്ടല്ലാതെ
കണ്ടില്ലൊരാണിപ്പഴുതുമാക്കൈകളിൽ !
അത്തിരുനെറ്റിയിൽ കണ്ടില്ല പണ്ടൊരു
മുൾത്തൊപ്പിവച്ച മുറിവിന്റെയോർമ്മകൾ !
സൽക്കാരമെല്ലാം കഴിഞ്ഞൂ - സിഗരറ്റിന്റെ
കട്ടിപ്പുകച്ചുരുൾ നീന്തുന്നു വായുവിൽ
പാനപാത്രങ്ങളൊഴിഞ്ഞിരിക്കുന്നിതാ,
പാരിന്റെയാത്മാവു ദാഹിച്ചുനില്ക്കവേ !

-(നിന്റെ രാജ്യം വരേണമേ)

## ഈശ്വരനിഷേധവും മാനവമഹനീയതയുടെ ഉദ്ഘോഷണവും

അന്ധവിശ്വാസത്തിലധിഷ്ഠിതമായ ഈശ്വരസങ്കല്പം ഒ.എൻ.വിയ്ക്ക് ഇഷ്ടമല്ല. ഈശ്വരൻ അന്ധകാരത്തിന്റെ മൂർത്തിയായ ശിലാരൂപമാണെന്നും അതിനേക്കാൾ ശ്രേഷ്ഠൻ അദ്ധ്വാനിച്ചു വിയർപ്പൊഴുക്കുന്ന മർത്ത്യനാണെന്നും ഒ.എൻ.വി പാടുന്നു :-

xx'കല്ലറയ്ക്കുള്ളിലിരുട്ടിന്റെ മൂർത്തിയാം
കല്ലിനെപ്പൂജിച്ചിരുന്ന മനുഷ്യനെ'

''വേനലിൽ, മാരിയിൽ പൂഴിയിൽ നിന്റെ തൂ-
വേർപ്പിലൂടീശനെക്കാൺക''യെന്നോതി നീ !

-(ഗീതാഞ്ജലി)

വയലാറിനെപ്പോലെതന്നെ ഒ.എൻ.വിയും ഈശ്വരനിൽ അല്ല, മാനവമഹനീയതയിലാണ് അടിയുറച്ചു വിശ്വസിക്കുന്നത് :-

മർത്ത്യൻ, അജയ്യനാം മർത്ത്യനാണി-
ന്നുത്തരം ചോദിപ്പതോർത്തുകൊള്ളൂ !

- (നാടിന്റെ പൊട്ടിച്ചിരികൾ)

മർത്ത്യന്റെ അജയ്യതയിൽ വിശ്വസിക്കുന്നുണ്ടെങ്കിലും മരണമെന്ന യാഥാർത്ഥ്യം കവി അംഗീകരിക്കുന്നു. മരണമെന്ന നിത്യസത്യത്തെക്കുറിച്ചുള്ള ചിന്തകൾ കവിതകളിൽ പലപ്പോഴും നിഴലിട്ടുനിൽക്കുന്നതു കാണാം :-

1. ഭീകരമൊരു സത്വം - മരണം - കറുത്തൊരു

---

*x ആദ്യകാലകവിതകൾ - പുറം -35*

*xx ടി. പുസ്തകം - പുറം -148*

*ടി. പുസ്തകം - പുറം -97*

ഹാരവും നീട്ടിക്കൊണ്ടു കൊതി പൂണ്ടടുക്കുന്നു !

-(ഞാൻ നിന്നെ സ്നേഹിക്കുന്നു)

2. ഒടുവിലൊരേയൊരു
സത്യമാം ദുഃഖത്തിന്റെ -
യൊരു ബീജവും കൂടി -
യേറ്റു വാങ്ങുന്നീയൂഴി

- (നീലക്കണ്ണുകൾ)

മൃത്യുവിന്നപ്പുറം മുക്തിയുണ്ടെന്ന യാഥാസ്ഥിതികചിന്താഗതിയേയും കവി പരിഹാസത്തോടെയാണു വീക്ഷിക്കുന്നത്. എവിടേയും – സ്വർഗ്ഗത്തിലായാൽ പോലും – പാവങ്ങളായവർക്ക് ജീവിതം മുൾമുനയിൽതന്നെയാണ് :-

3. ദേവന്റെ നാട്ടിലും നോവിന്റെ മുള്ളുകൾ
പാവിയ പാഴ്നിലം പാപിക്കു പാർപ്പിടം
മർത്ത്യന്റെ നാട്ടിൽപ്പറഞ്ഞൂ പലരു,മീ-
മൃത്യുവിന്നിപ്പുറം 'മുക്തി'കളുണ്ടുപോൽ !

- (ലയഡേമിയ)-

**<u>സ്ത്രീത്വത്തിന്റെ പ്രശ്നങ്ങൾ</u>**

കുടുംബം പോറ്റുവാൻ അത്യദ്ധ്വാനം ചെയ്യുന്ന സ്ത്രീകളുടെ പ്രശ്നങ്ങളും കവിതയ്ക്കു വിഷയമാക്കുന്നുണ്ട് ഒ.എൻ.വി. 'ന്റെ പുന്നാര അരിവാള്' 'അനുജത്തി' 'ഞാൻ നിന്നെ സ്നേഹിക്കുന്നു' 'നീലക്കണ്ണുകൾ' തുടങ്ങിയ കവിതകളിലെയെല്ലാം പ്രമേയങ്ങൾ സ്ത്രീത്വത്തിന്റെ പ്രശ്നങ്ങളാണ്. സ്ത്രീകളുടെ യാതനകൾ തനിക്ക് എപ്പോഴും ഹൃദയസ്പന്ദനങ്ങളുളവാക്കാറുണ്ടെന്ന് ഒ.എൻ.വി പ്രസ്താവിക്കുന്നു:-

1. വേദന പകരുമാ
വീണതൻ മൃദുനാദ-
മാധുരിയുൾച്ചേർന്നതാ-
ണിന്നുമെൻ ഹൃൽസ്പന്ദങ്ങൾ

- (അനുജത്തി)-

ജീവിതം തള്ളിനീക്കുവാൻ പാടുപെട്ടുഴലുന്ന പട്ടിണിപ്പാവങ്ങളായ സ്ത്രീകളുടെ ദൈന്യത വരച്ചുകാട്ടുന്നതിൽ ദത്തശ്രദ്ധനാണ് കവി :-

---

*1,2,3 ആദ്യകാല കവിതകളിൽ നിന്ന്*

*1. ദാഹിക്കുന്ന പാനപാത്രം - പ്രഭാത് ബുക്ക് ഹൗസ് -1981 പുറം -65*

2. 'വരിവരിയായ് കൊളുന്തിറുത്തീടുവാൻ
കരിനിഴലുകൾ നീങ്ങും നിരകളിൽ
തലപുകഞ്ഞൊരു തള്ളക്കിടാത്തിയാൾ
ഇലകൾ ചീയുമാക്കുപ്പയിൽവീണതും
കദനഭാരത്താൽ കാട്ടുവരമ്പിലെ
കദളിപ്പൂവുകൾ ഞെട്ടറ്റുവീണതും'

- (പ്രാരംഭഗീതം)

**<u>കവികളോടുള്ള ആഹ്വാനവും നല്ല നാളെയെക്കുറിച്ചുള്ള പ്രതീക്ഷയും</u>**

തന്റെ ചുറ്റും കാണുന്ന അനീതികളും അസമത്വങ്ങളും കണ്ടില്ലെന്നു നടിക്കുവാൻ പുരോഗമനവാദിയായ ഒരു സാഹിത്യകാരനും സാധ്യമല്ല. സാമൂഹ്യജീവിയായ സാഹിത്യകാരന്മാർ അവരുടെ കർത്തവ്യം നിറവേറ്റേണ്ടത് സാമൂഹ്യചലനങ്ങൾക്ക് അനിവാര്യമാണ്. താനുൾപ്പെടുന്ന പുരോഗമനവാദികളായ കവികളുടെ ലക്ഷ്യം എന്തായിരിക്കണമെന്ന് ഒ.എൻ.വി ഓർമ്മിപ്പിക്കുന്നു :-

1. ''ഇന്നിന്റെ'' യന്തിക്കുമാ -
    ''നാളെ'' തൻ പുലരിക്കും
ചെന്നിണം പൂശീടുവാൻ
    നിൻതൂവൽ ചലിക്കട്ടെ !

- (കവിയും കാട്ടാളനും)

കവിവചസ്സുകൾ ജനതയ്ക്കു പ്രചോദനമായെങ്കിൽ മാത്രമേ സമത്വപൂർണ്ണമായ പൊൻപുലരി ഉദയംകൊള്ളൂ :-

2. നിദ്രയെപ്പുണരുന്ന
    ഞങ്ങളെയുണർത്തുമാ-
നിസ്വനം നിൻവീണയി-
    ലുണരാതിരിക്കുകിൽ

കുങ്കുമക്കുഴമ്പണി-
    പ്പൊൻപുലരിയെക്കാണ്മാൻ
പങ്കജമുണരില്ല,
    ഞങ്ങൾതൻ മിഴികളും !

-(വീണ വായിക്കൂ ദേവി)-

സമുഹത്തിലെ ചലനങ്ങൾ ആവിഷ്ക്കരിച്ച് കർത്തവ്യം നിറവേറ്റാൻ കൂട്ടാ

---

*2. നീലക്കണ്ണുകൾ.*

*1,2 ആദ്യകാലകവിതകൾ .*

ക്കാത്ത സാഹിത്യകാരന്മാർ കവിത്വമില്ലാത്തവരാണെന്ന് ഒ.എൻ.വി യ്ക്ക് അഭിപ്രായമുണ്ട്:-

വാടാത്ത കുങ്കുമപ്പൂവുകൾ നർത്തന-
മാടുമിപ്പാതതൻ പാർശ്വങ്ങൾ കാൺകവേ ,
പാടാത്ത ഗായകനുണ്ടെങ്കിൽ, സംഗീത-
മൂറാത്തതാണിന്നവന്റെ പുല്ലാങ്കുഴൽ !

-(മേയ്ദിനപ്പൂവുകൾ)

സ്വതന്ത്രഇന്ത്യയിലും ജനങ്ങളുടെ അസമത്വം തുടരുകയാണെന്ന യാഥാർത്ഥ്യം കവിയെ ദുഃഖിപ്പിക്കുന്നു. അത്തരം അസമത്വങ്ങൾ ഇല്ലാതെയാക്കുന്ന നാളിൽ മാത്രമേ തനിക്കു മനസ്സുതുറന്നു ചിരിക്കാനാകു എന്നും കവി പ്രസ്താവിക്കുന്നു :-

പൊട്ടിച്ചിരിക്കുമീ മണ്ണി, ലിന്നും
പൊട്ടിക്കരയുകയാണു മർത്ത്യൻ !
പൊട്ടിച്ചെറിയുമീ കാൽത്തള ഞാൻ
പൊട്ടിച്ചിരിക്കും ഞാനന്നുമാത്രം !

-(നാടിന്റെ പൊട്ടിച്ചിരികൾ)

അസമത്വങ്ങൾ ഇല്ലാതാക്കാൻ തന്റെ തൂലികകൊണ്ട് ആവുന്നത്ര ശ്രമിക്കുമെന്നും കവി പ്രഖ്യാപിക്കുന്നു :-

പാടും ഞാ, നെൻ ചുറ്റും കാൺമതെല്ലാം
പാടുമതൊക്കെയും കുറ്റമാട്ടെ !

-( നാടിന്റെ പൊട്ടിച്ചിരികൾ)

സാമൂഹ്യമായ അസമത്വങ്ങൾക്കെതിരെ ഉണരുവാൻ , എഴുതുവാൻ തന്നെ പ്രേരിപ്പിക്കുന്നത് കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രമാണെന്നും കവി ഭംഗ്യന്തരേണ സൂചിപ്പിക്കുന്നു :-

1. ചോരച്ചുവയുണ്ടെൻ പാട്ടിനെങ്കിൽ
നേരാണതുമെന്റെ കുറ്റമാണോ ?
ചോര ചുവയ്ക്കുമെൻ ചുണ്ടിലൂറും
ഈരടിക്കുണ്ടാമീ ദോഷമെല്ലാം !

-(നാടിന്റെ പൊട്ടിച്ചിരികൾ)

---

*ആദ്യകാലകവിതകൾ - പുറം - 86*
*ടി. പുസ്തകം - പുറം - 97.*

1. *ടി. പുസ്തകം - പുറം -97*

മർദ്ദിതന്റെ നേരെ പണ്ടു മുതൽ കാട്ടിയിരുന്ന അനീതികളും ക്രൂരതകളും ഇരുപതാം നൂറ്റാണ്ടിലും ആവർത്തിക്കുന്നു എന്ന് കവി വെളിവാക്കുന്നു :-

2. പുരുഷാന്തരങ്ങളെ പിന്നിട്ടു കാടത്ത-
മിരുപതാം നൂറ്റാണ്ടിൻ പടവിൽ നില്ക്കേ,
അതുപോറ്റും നീതികൾ മർദ്ദിതമർത്ത്യന്റെ
ഹൃദയത്തിൽ കൂരമ്പു കുത്തിനില്ക്കേ,

- (മാറ്റുവിൻ ചട്ടങ്ങളെ)

താനുൾപ്പെടുന്ന പുരോഗമനവാദികളായ എഴുത്തുകാരുടെ ലക്ഷ്യം വർഗ്ഗ, വർണ്ണങ്ങളില്ലാത്തതും സമത്വ സുന്ദരവുമായ ഒരു നല്ല നാളെയുടെ സൃഷ്ടിക്കായി യത്നിക്കുകയാണെന്നു കവി പറയുന്നു.

3. മലനാടിൻ ജീവിത ചക്രവാളത്തിൽ നി
ന്നൊരു നല്ല നാളെ തൻ പൂവിറുക്കാൻ
ഉയരുന്നു പുതിയ യുഗത്തിന്റെ പൂവിളി.
ഉണരുവിൻ, മാറ്റുവിൻ ചട്ടങ്ങളെ.....

-(മാറ്റുവിൻ ചട്ടങ്ങളെ)

തൊഴിലാളി വർഗ്ഗ മുന്നേറ്റത്തിലൂടെ സ്ഥിതിസമത്വം കൈവരുമെന്ന ആത്മവിശ്വാസമാണ് കവിക്കുള്ളത്. വിഷാദത്തിന്റെ ഒരു നിഴൽ അന്തർധാരയായി പിന്തുടരുമ്പോഴും ശുഭാപ്തിവിശ്വാസിയാണ് കവി. മാനവസ്നേഹത്തിലധിഷ്ഠിതമായ വിപ്ലവം വർഗ്ഗ, വർണ്ണരഹിതമായ സമൂഹം സൃഷ്ടിക്കുമെന്നും സ്ഥിതിസമത്വം കൈവരിക്കുമെന്നും കൈവരിക്കണമെന്നും കവി ആഗ്രഹിക്കുന്നു:-

x ഉയരുമ്പോളൊരു ഞെട്ടലിലരിവാളുകൾ തീവെട്ടം
ചൊരിയുമ്പോ, ളിരുൾ ദുർഗ്ഗമടിതെറ്റുമ്പോൾ,
പുലർവെട്ടം പുലരുമ്പോൾ, പടവെട്ടിയരാക്കുയിലിനു
മരിവാളിനുമഭിമാനം പുലരുകില്ലേ ?

-(അരിവാളും രാക്കുയിലും)

സമത്വസുന്ദരമായ ഒരു നല്ല നാളെയ്ക്കുവേണ്ടി ജീവിതം ഹോമിക്കാൻപോലും താൻ തയ്യാറാണെന്ന് കവി പ്രഖ്യാപിക്കുന്നു :-

---

*2,3 ദാഹിക്കുന്ന പാനപാത്രം - പുറം - 147*

*x ആദ്യകാലകവിതകൾ - പുറം -46*

x നാളത്തെ ജീവിതപ്പൂക്കൾക്കുവേണ്ടിയി-
ന്നാളിൽ നാമൊത്തു നശിക്കാം !
കൊത്താതെ, കൊത്താതെ, നീറിപ്പിടിച്ചു നീ
കൊത്താതെ കൊച്ചുപറവേ !

- (ചോരക്കിളി)

സമത്വസുന്ദരഭാവി ധനികദരിദ്രഭേദങ്ങളില്ലാത്തതാണെന്നും അത്തരമൊരു ഭാവിയുടെ സൃഷ്ടിക്കു പിന്നിൽ കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രമാണെന്നും കവി സൂചിപ്പിക്കുന്നു :-

1. ഓടക്കുഴലുകളവരുടെ കരളിൽ-
 പാടുവതെന്നാ, ണീ മുറ്റങ്ങളി-
ലോണത്തുമ്പി കണക്കേ കുട്ടി -
 ക്കാലം ചിറകുവിടർത്തുവതെന്നാ,-
ണോമൽത്തിങ്കൾക്കലപോൽ മഞ്ഞ-
 യുടുത്തവർ തത്തിനടക്കുവതെന്നാ,-
ണോടിവരില്ലേയാ നല്ലാവണി-
 മാസത്തൂമലർവെട്ടം നാളെ ?

കുന്നലനാട്ടിന്നടിവാരങ്ങളിൽ
 വാടിക്കരിയും കരിമൊട്ടുകൾ തൻ
കുഞ്ഞിക്കൺകളിൽ മുത്തംവയ്ക്കാ-
 നെത്തും കുങ്കുമരശ്മികൾ നാളെ !

-(എന്താ തുമ്പീ തുള്ളാത്തു)

സ്വാതന്ത്ര്യാനന്തരഭാരതം സ്വർഗ്ഗസമാനവും സമത്വപൂർണ്ണവുമായിരിക്കുമെന്ന അടിയുറച്ച വിശ്വാസം ഒ.എൻ.വിയുടെ ആദ്യകാലകവിതകളിൽ കാണാം :-✓

2. സ്വർഗ്ഗം ! സ്വപ്നോപാസകനാം തൻ
ഹൃത്തടമൊന്നു കുലുങ്ങി
മാനവസങ്കല്പത്തിൻ വനികയിൽ
മാധവമാസമണഞ്ഞു,
ഇതളിതളുകളായ് വിരിയിച്ചൊരുന-
ൽ മധുരസ്വപ്നം സ്വർഗ്ഗം !

-(ഒരു കവിയുടെ ഓർമ്മയ്ക്ക്)

---

x *ആദ്യകാലകവിതകളിൽ നിന്ന് - പുറം -55*

✓ *ഇതു നടക്കാതെ വന്നപ്പോഴുണ്ടായ നൈരാശ്യമാണ് പില്ക്കാലത്ത് ഒ.എൻ.വി കവിതകളിൽ (മയിൽപീലി) കാണുന്നത്.*

*1,2 ദാഹിക്കുന്ന പാനപാത്രം.*

**പ്രത്യയശാസ്ത്രാഭിമുഖ്യം നാടകസിനിമാഗാനങ്ങളിൽ**

സിനിമയിലേയും നാടകത്തിലേയും സന്ദർഭത്തിനനുസരിച്ച് രചിക്കുന്നവയാണ് ഗാനങ്ങളെന്നിരിക്കെ അവയ്ക്ക് ഇവിടെ എന്തു പ്രസക്തി എന്നു ചോദിക്കാം. എന്നാൽ, ഏതെങ്കിലും തരത്തിൽ കവിക്ക് ആത്മബന്ധമുള്ളവയായിരിക്കും അവയിലൂടെ പ്രതിധ്വനിക്കുന്ന ആശയങ്ങൾ. അപ്പോൾ ഒ.എൻ.വിയുടെയും ഗാനങ്ങളിൽ അദ്ദേഹം വിശ്വസിക്കുന്ന പ്രത്യയശാസ്ത്രത്തിന്റെ നിഴൽപാടുകൾ കാണാൻ കഴിയും. ഒ.എൻ.വി ആദ്യന്തം ഒരു മനുഷ്യസ്നേഹിയാണ് ; ഉപരിയായി തൊഴിലാളി വർഗ്ഗത്തോടു പ്രത്യേക മമത പുലർത്തുന്ന ആളും. ഈ തൊഴിലാളി പക്ഷപാതിത്വം ഒ.എൻ.വി.യുടെ ആദ്യകാല നാടക, സിനിമാ ഗാനങ്ങളിൽ കാണാം.

x1. എൻ കരളേ ! കൺകുളിരേ !
നിന്നെയോർത്തു തന്നെ
പാടുകയാണെൻ കരൾ, പോ-
രാടുമെൻ കരങ്ങൾ

( നാടകം -നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി)

2. പാടുപെട്ടു പണിയെടുക്കും നമ്മളൊന്നാണേ !
കതിരു കൊയ്തു പതിരുതിന്നും നമ്മളൊന്നാണേ !

(കെ.പി.എ.സി-സമൂഹഗാനം)

തൊഴിലാളികളുടെ ആവേശോജ്ജ്വലമായ മുന്നേറ്റത്തിൽ ആഹ്ലാദചിത്തനാകുന്നുണ്ട് കവി :-

1. 'വരികയായ് ! - വരികയായ് !
കരിപിടിക്കും കൈകൾ ചേർന്നു
കൊടിപിടിച്ചുവരികയായ്
കരിമണലിൽ വേർപ്പൊഴുക്കും
അരുമ മക്കൾ വരികയായ് !
പുതിയ ലോകം പിറവികൊള്ളും
പുലരിയാരചിക്കുവാൻ

- (ലളിതഗാനം)

2. നിറതോക്കുകളുടെ നേരെ
നിവർന്നു നിന്നൊരു പോരിൽ
പിടഞ്ഞു പിടഞ്ഞു പിടഞ്ഞു വീണവർ
ചരിത്രമെഴുതുകയായി

-(ചിത്രം - സഖാവ്)

---

*x നാടക സിനിമാഗാനങ്ങൾ മുഴുവൻ ഉദ്ധരിച്ചിട്ടുള്ളത് ഒ.എൻ.വിയുടെ തെരഞ്ഞെടുത്ത ഗാനങ്ങൾ - പി.കെ. ബ്രദേഴ്സ് - 1991 എന്ന ഗ്രന്ഥത്തിൽ നിന്നാണ്.*

3. ആദ്യം കൊയ്യണമധികാരം ! - എ-
ന്നാർത്തു വിളിച്ചോരു കോമന്മാർ,
ആർത്തന്മാരവശന്മാരബലന്മാർ,
അവരുടെ മോക്ഷം നമ്മുടെ ലക്ഷ്യം !
അതിനായണിചേർന്നവരേ ! - ലാൽസലാം.

-(ചിത്രം -ലാൽസലാം)

തൊഴിലാളികളുടെ .യാതനകൾ ഹൃദയാവർജ്ജകമായി അവതരിപ്പിക്കുന്നതിൽ പ്രത്യേകപാടവം തന്നെ ഒ.എൻ.വി പ്രദർശിപ്പിക്കുന്നുണ്ട്.

1. വയലിന്റെ മക്കൾക്കീ കൈച്ചങ്ങല മാത്രം
വയർനിറച്ചുണ്ണുന്നത് പത്തായം മാത്രം
പുലരുകയായ്  പുലരുകയായ് പുലരിത്തിരിവെട്ടം
കൂരിരുൾച്ചങ്ങലകൾ പൊട്ടിച്ചെറിയാൻ

-(നാടകം - നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി)

2. ആരിയൻ കറ്റകളായിരം കറ്റകൾ
ആരുടെ മുറ്റത്തു കൊണ്ടുവയ്ക്കും ?
കോയിക്കൽ മുറ്റത്തു കൊണ്ടന്നു വയ്ക്കുമ്പം
കോയിക്കൽ തമ്പുരാൻ തന്തോയിക്കും!
കോയിക്കൽ തമ്പുരാൻ തന്തോയം കൊണ്ടാലും
കോരന്നു കുമ്പിളിൽ കഞ്ഞിയാണേ !

-(നാടകം - പുതിയ ആകാശം പുതിയ ഭൂമി)

തൊഴിലാളിയുടെയത്ര സംഘടനാബലം മറ്റൊരു വിഭാഗത്തിനുമില്ലെന്നു കവിയ്ക്കറിയാം. അവർ സംഘടിതരായി മുന്നോട്ടു നീങ്ങിയാൽ ആത്യന്തികവിജയം ഉണ്ടാകുകതന്നെ ചെയ്യും എന്നു കവി പറയുന്നു :-

'' നേരം പോയ് നേരം പോയ്
നേരേ നാമൊന്നിച്ചാൽ
നമ്മളു കൊയ്യും വയലെല്ലാം
നമ്മുടേതാകും പൈങ്കിളിയേ''

-(നാടകം- നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി)

ഇന്ത്യ സ്വതന്ത്ര്യയായെങ്കിലും തൊഴിലാളിവർഗ്ഗത്തിന്റെ കഷ്ടപ്പാടുകൾക്കു വിരാമമില്ല. ലക്ഷ്യം പൂർണ്ണമായും നിറവേറിയില്ല. അവരു കണ്ട സ്വർഗ്ഗം ഇന്നും സ്വപ്നം മാത്രം :-

1. അസുരവിത്തുകൾ പൊട്ടിവിടരുന്നൂ
വിഷതരുക്കൾ നീളെ നിവരുന്നൂ !
നിസ്സഹായത നിഴൽ വിരിക്കുന്നൂ !
നിങ്ങൾ തിരയും ലക്ഷ്യമകലെ
സാർത്ഥവാഹകരേ ! ...............

-(ലളിതഗാനം)

2. ഇരുളിന്റെ തൊട്ടിലിൽ വീണുറങ്ങി - ഞങ്ങൾ
ഒരു തുള്ളിവെട്ടം കിനാവു കണ്ടൂ !
ചാഞ്ചക്കം താളത്തിൽ തൊട്ടിലാട്ടാൻ - ഒരു
ചന്ദനക്കാറ്റുമിങ്ങെത്തിയില്ല !

-( ചിത്രം - കാട്ടുപൂക്കൾ)

തൊഴിലാളികളുടെ ദുരവസ്ഥയ്ക്കു കാരണക്കാർ അവരെ ചൂഷണം ചെയ്തു സ്വത്തു വാരിക്കൂട്ടുന്ന തമ്പ്രാക്കളാണെന്നും അവർക്കെതിരെ പോരാടേണ്ടതു തൊഴിലാളികളുടെ കടമയാണെന്നും കവി ഉദ്ബോധിപ്പിക്കുന്നു. തമ്പ്രാക്കന്മാരുടെ അസാന്മാർഗ്ഗികതയ്ക്കെതിരെ പടവാളെടുക്കേണ്ടതും തൊഴിലാളികൾ തന്നെയാണ് :-

മൂളിപ്പാട്ടുമായ് തമ്പ്രാൻ വരുമ്പം
ചൂളാതങ്ങനെ നില്ലെടി പെണ്ണേ !
നാളെക്കൊയ്ത്തിനു ചെല്ലാൻ പറഞ്ഞിട്ട്
നാണക്കേടും പറയ്ണ തമ്പ്രാൻ
ചൂളിപ്പോമെടി കൊയ്ത്തരിവാള്
രാകിത്തേയ്ക്കണ കിങ്കിലം കേട്ടാൽ !

-(നാടകം - നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി)

മുതലാളിത്തത്തിന്റെ കൊടുംക്രൂരതകൾ എടുത്തുകാട്ടാനും കവി മടിക്കുന്നില്ല:-

'പണ്ടു പണ്ടു നാടുവാഴി-
ത്തമ്പിരാക്കൾക്കായി നമ്മൾ
തണ്ടു വലിച്ചേ - മണി -
മഞ്ചൽ ചുമന്നേ !
കൈകുഴഞ്ഞുവീണനേരം
തോളുറഞ്ഞുവീണ നേരം
ചാട്ടവാറുകൾ ചീറി-
ചാട്ടവാറുകൾ

- (സമൂഹഗാനം - കെ.പി.എ.സി)

സമത്വപൂർണ്ണമായ ഒരു സമൂഹത്തിന്റെ സൃഷ്ടിക്കായി യത്നിക്കാൻ തൊഴിലാളികളോട് ആഹ്വാനം ചെയ്യുന്നതും കേൾക്കാം :-

ആരും മറ്റാർക്കുമടിമയല്ലാ ! - ഇ -
ന്നടിമയല്ലാ !
ആരും മറ്റാർക്കുമിന്നന്യരല്ലാ !
തമ്പ്രാക്കൾ ഞങ്ങൾ അടിമകൾ മറ്റുള്ളോ-
രെന്ന വിവേചനം മാറ്റിനിർത്തൂ !

-(ലളിതഗാനം)

സ്വന്തം അവകാശങ്ങൾക്കുവേണ്ടി സംഘടിക്കാനും സമരം ചെയ്യാനും കൂടുതൽ ശക്തരായവർ തൊഴിലാളികളാണെന്നും അവർക്കു നഷ്ടപ്പെടുവാൻ സ്വാർത്ഥങ്ങളൊന്നും കാണില്ലെന്നും കവി ഓർമ്മിപ്പിക്കുന്നു :-

1. നഷ്ടപ്പെടുവാനില്ലൊന്നും - ഈ
കൈവിലങ്ങുകളല്ലാതെ !
കിട്ടാനുണ്ടൊരു ലോകം -നമ്മളെ
നമ്മൾ ഭരിക്കും ലോകം ,
നമ്മുടെ ലോകം - നമ്മുടെ ലോകം
പുതിയൊരു ലോകം !

-(ചിത്രം- സ്ഫോടനം)

2. നഷ്ടപ്പെടുവാൻ വിലങ്ങുമാത്രം !
കിട്ടാനുണ്ടൊരു പുതിയൊരു ലോകം !
പുതിയൊരു ലോകം !
ഒരു കൈ- ഇരുകൈ - ഒരായിരം കൈ ഉയരട്ടെ
ഉഴുത കരങ്ങൾ ഉഴുത നിലങ്ങൾക്കുടമകളാവട്ടെ !

-(ചിത്രം -മണ്ണിന്റെ മാറിൽ)

ശാസ്ത്രം മനുഷ്യനന്മയ്ക്കും പുരോഗതിയ്ക്കും വേണ്ടിയായിരിക്കണമെന്നും വിനാശത്തിനായിരിക്കരുതെന്നും കവിക്ക് അഭിപ്രായമുണ്ട് :-

ശാസ്ത്രം മർത്ത്യനു വേണ്ടി -ഭൂമിയിൽ
ശാശ്വതശാന്തിയ്ക്കു വേണ്ടി !
ശാസ്ത്രം മാനവസംസ്കാരത്തിൻ
പൂക്കാലത്തിനു വേണ്ടി
എല്ലാർക്കുമന്നവും വസ്ത്രവുമായ്
എല്ലാർക്കുമപ്പവും വീഞ്ഞുമായി
ഇളവേല്കാനുള്ളോരിടമായി
ഇരുൾനീക്കുമമ്പിളിക്കതിരായി
ശാസ്ത്രത്തെ മണ്ണിന്നമൃതാക്കൂ !

- (സ്വാഗതഗാനം)

ശാസ്ത്രത്തെപ്പോലെ തന്നെ മതവും മാനവമൈത്രിക്കു വേണ്ടിയാകണമെന്ന് കവി അഭിപ്രായപ്പെടുന്നു :-

ഗീത, ഖുറാൻ, ഖുർബാനി- ഗിരി
ഗീതയാകും ബൈബിളും
നമ്മളോടരുളിചെയ്വതു ഭൂമിയിൽ
നന്മ വിതയ്ക്കാൻ മാത്രം !
നമ്മുടെ സ്വന്തമയൽക്കാരെ
നമ്മെക്കാളും സ്നേഹിക്കാൻ !

- (ലളിതഗാനം)

മാനവികതയുമായി ബന്ധപ്പെടുത്തിയുള്ള പരിസ്ഥിതികഥനവും ഒ.എൻ.വി യുടെ ഗാനങ്ങളിലുണ്ട് :-

കാണാമറയത്തൊളിച്ചു കളിക്കണ
കാർമുകിൽ കൊച്ചുകള്ളീ !
വന്നാട്ടെ, വന്നാട്ടെ, വന്നാട്ടെ -എന്റെ
മണ്ണിൻ നാവു വരണ്ടുപോയീ !
വയലമ്മ മുത്തിയമ്മ തളർന്നുറങ്ങീ !
പുഴപ്പെണ്ണ് പുളപ്പെല്ലാം മറന്നുപോയീ
ഒക്കത്തിരിക്കണ ചെപ്പുകുടത്തീന്നൊ-
രിത്തിരി വെള്ളം താ !

- (സമൂഹഗാനം)

മനുഷ്യന്റെ വിനാശവൃത്തികളാണ് പ്രകൃതിയുടെ ഇത്തരം വിനാശങ്ങൾക്കു കാരണം. അതിനാൽ ഇത്തരം അരുതായ്മകൾക്കു നേരെ നാം ബോധവാന്മാരായി രിക്കണമെന്ന് കവി ഉദ്ബോധിപ്പിക്കുന്നു :-

നമ്മൾ കുടിക്കും വെള്ളത്തിൽ
നമ്മൾ ശ്വസിക്കും വായുവിലും
വിഷം കലർത്തുവതാരാണ് ? - ആ
വിഷജീവികളെ തുരത്തുവാൻ
ഒന്നായുണരേണം - നാം
ഒന്നായുണരേണം !

- (ചിത്രം - നമ്മുടെ നാട്)

മർദ്ദിത വിഭാഗങ്ങളുടെ നിരന്തരപോരാട്ടങ്ങളുടെ ഫലമായി സമത്വപൂർണ്ണമായ 'നല്ല നാളെ' സമാഗതമാകുമെന്നും ആകണമെന്നും കവി ആഗ്രഹിക്കുന്നു :-

1. നിൻ പൊൻകിനാവാർന്ന 'നാളെ'
പുലർന്ന രാഗരേഖ കണ്ടു വിണ്ണിൽ

-(നാടകം - സർവ്വേക്കല്ല്)

2. കഞ്ഞിക്കുരിയരി കാണാത്തൊ 'രിന്നിന്റെ'
പഞ്ഞമൊടുങ്ങുന്ന നാളേ, വാ !
മഞ്ഞക്കിളികൾപോൽ കുഞ്ഞുങ്ങളൂഞ്ഞാലിൽ
കൊഞ്ചിക്കുഴഞ്ഞാടും നാളേ, വാ !

- (ലളിതഗാനം)

ഇങ്ങനെയുള്ള 'നല്ല നാളെ'യുടെ ആഗമനത്തിനു പ്രചോദനം കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രമാണെന്നും കവി പറയുന്നു :-

1. ചെങ്കൊടിതൻ ചേല് കണ്ടു നാടുണരുന്നേ !
നാളെ നല്ലോരോണമുണ്ണാൻ നാടുണരുന്നേ !

-(സമൂഹഗാനം - കെ.പി.എ.സി)

തൊഴിലാളിവിപ്ലവത്തിന്റെ ഫലമായുണ്ടാകുന്ന നല്ല നാളെ വർഗ്ഗ, വർണ്ണരഹിതവും ഉച്ചനീചത്വങ്ങളില്ലാത്തതുമാകണമെന്ന് കവി ആഗ്രഹിക്കുന്നു. അങ്ങനെയൊന്നുണ്ടാകുന്നതായി സ്വപ്നം കാണുന്നു.

1. സ്വപ്നഭൂമിയെ നാമീ മണ്ണിലെ
സത്യമാക്കുന്നൂ !
അവിടെ - മനുഷ്യരൊരുപോലെ !
അവരുടെ വാക്കിൽ സംഗീതം !
അവരുടെ കൺകളിലഭിമാനം !
ജീവനിലാഹ്ലാദം !

-(ലളിതഗാനം)

2. ഇവിടെയസ്വതന്ത്ര്യരില്ല,
ഇവിടെ വർണ്ണഭേദമില്ല ,
ഇവിടെ നരനു നരനശുദ്ധവസ്തുവല്ലിനി !

-(ലളിതഗാനം)

3. കാരിരുമ്പിൽ യന്ത്രമിട്ടു
കറകറക്കും കൈകളേ !
ഭരണയന്ത്രവും തിരിക്കും
ആ ദിനം വരുന്നിതാ !

- (ലളിതഗാനം)

കലാകാരന്റെ സങ്കല്പത്തിലുള്ള സ്വർഗ്ഗരാജ്യം സഫലമാവുക അത്ര എളുപ്പമല്ല. തങ്ങൾ പടുത്തുയർത്തിയ മനക്കോട്ടകൾ തകരുന്നത് അവർക്കു താങ്ങാവുന്നതിലധികമാണ്. കലാകാരൻ ആത്മനൊമ്പരത്തിൽപെട്ടുഴലുന്നത് അവിടെ സ്വാഭാവികം മാത്രം. ഒ.എൻ.വിയിലും ഇത്തരത്തിലുള്ള വിഷാദസ്പർശം കടന്നുകൂടിയിട്ടുള്ളതായി ഗാനങ്ങളിൽ കേൾക്കാം :-

1. നട്ടുനനച്ചൊരീ മുന്തിരിത്തോപ്പുകൾ
കയ്പുനീർ മാത്രം പകർന്നൂ !
മൊട്ടിട്ട മോഹങ്ങളൊക്കെയുമെൻമുന്നിൽ
ഞെട്ടറ്റു ഞെട്ടറ്റു വീണടിഞ്ഞൂ !

-(നാടകം - അൾത്താര)

2. എന്റെ സൂര്യൻ എരിഞ്ഞടങ്ങി, യീ
സന്ധ്യതൻ സ്വർണ്ണമേടയും !

-(ചിത്രം- യുദ്ധകാണ്ഡം)

3. ഹൃദയത്തിൻ ചന്ദനച്ചിതയിൽ -സ്വർണ്ണ -
ചിറകുള്ള ശലഭങ്ങൾ വീണെരിഞ്ഞു !
അവയെന്റെ സ്വപ്നങ്ങളായിരുന്നു !
അരുമയാം മോഹങ്ങളായിരുന്നു !

-(ചിത്രം - ഭദ്രച്ചിറ്റ)

ദരിദ്രനാരായണന്മാരായ സാധാരണക്കാരുടെ സ്ഥിതിക്കു സ്വതന്ത്രഇന്ത്യയിലും മാറ്റമില്ല എന്നതു കവിയുടെ ആത്മനൊമ്പരത്തിനു കാരണമായിത്തീർന്നു.

കുചേലനലയുന്നൂ ; കീറ -
ക്കുടയുടെനിഴൽചേർന്നലയുന്നൂ !
ഒരു പിടിയവലും, ഒരു ദുഃഖവുമായ്
കുചേലനിന്നും അലയുന്നൂ !
വിശന്നുകേഴും കുഞ്ഞോമനകൾ
വീട്ടിലിരിക്കുന്നു !

-(ലളിതഗാനം)

നിരാശാഭരിതനായ കവിയേയും ചിലപ്പോൾ കാണാം.

എന്തിനു പാഴ്ശ്രുതിമീട്ടുവതിനിയും
തന്ത്രികൾ പൊട്ടിയ തംബുരുവിൽ ?
- ഈ തംബുരുവിൽ ?

- (നാടകം -ഡോക്ടർ)

താൻ ഇതുവരെ മീട്ടിയത് പാഴ്ശ്രുതികളാണെന്നും തന്റെ സ്വപ്നസാമ്രാജ്യം എന്നെന്നും വിദൂരസ്ഥമായിരിക്കുമെന്നും അദ്ദേഹം മനസ്സിലാക്കുന്നു. എങ്കിലും കവിക്ക് അസമത്വങ്ങൾക്ക് എതിരെ പ്രതികരിക്കാതിരിക്കാൻ വയ്യ :-

വെറുതെയീ മോഹങ്ങളെന്നറിയുമ്പോഴും
വെറുതെ മോഹിക്കുവാൻ മോഹം

-(ചിത്രം -ചില്ല്)